കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കരുവാരകുണ്ട് ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട് 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
e-mail: dompm.ksad@ kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട് സഹിതം)

നം.കെ.എസ്.എ/എം.പി.എം.7/1996/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

തീയതി.08-11-2018

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)

കരുവാരകുണ്ട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കരുവാരകുണ്ട് ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരുവാരകുണ്ട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട്, Aims വെബ്സൈറ്റ് മുഖേന പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച് തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
3) പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം

3)കാര്യാലയ പകർപ്പ്

എം.എ.11/18

നം കെ.എസ്.എ.എം.പി.എം.7/1996/2018

തിയ്യതി:08-11-2018

<u>മലപ്പുറം ജില്ലയിലെ കരുവാരകുണ്ട് ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ കരുവാരകുണ്ട് ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 05/08/2017 മുതൽ 07/07/2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | :ശ്രീ. എ. എസ്. ഷാജഹാൻ,ഡെപ്യൂട്ടി ഡയറക്ടർ. |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : 18-07-2018മുതൽ 31-07-2018വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. ടി.പി.അബ്ദുൾ ജലീൽ | ഓഡിറ്റ് ഓഫീസർ |
| ശ്രീ. സക്കീർ ഹുസൈൻ.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. അമീൻ ഫൈസൽ.ടി.ടി | ഓഡിറ്റർ |
| ശ്രീമതി. ശംസിയ.കെ | ഓഡിറ്റർ (25-7-18 വരെ) |

<u>ബി ) നിർവഹണാധികാരികൾ</u>

പ്രസിഡന്റ്

| | |
|---|---|
| ശ്രീ. കെ മുഹമ്മത് മാസ്റ്റർ | 01.04.2017 മുതൽ 20-10-17 വരെ |
| പി ഷൗക്കത്തലി | 21-10-17 മുതൽ 19-11-17 വരെ |
| മഠത്തിൽ അബ്ദുൽ ലത്തീഫ് | 20-11-17 മുതൽ 31-03-18 വരെ |

സെക്രട്ടറി

| | |
|---|---|
| 1.ശ്രീ.എസ് നിസ്സാർ | 01.04.2017 മുതൽ 24-09-17 വരെ |
| 2.ശ്രീ.അബ്ദുൽ ഹക്കീം (ഇൻചാർജ്) | 25.09..2017മുതൽ28.11.17വരെ |
| 3.ശ്രീ. എം വി മോഹനൻ | 29.11.2017മുതൽ31.03.18വരെ |

മറ്റ നിർവഹണ ഉദ്യോഗസ്ഥർ.

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| 1)അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. ലീനമോൾ എം സി | 01-04-2017 -- 04-04-2017<br>16-06-2017-- 23-07-2017 |
| | ശ്രീ.അബ്ദുൽ ഹക്കീം | 24-07-2017 -- 31-03-2018 |
| | ശ്രീ. ഹരിദാസ് പി | 05-04-2017 -- 15-06-2017 |
| 2.വെറ്ററിനറി സർജൻ | ഡോ.സജീവ്കുമാർ | 01.04.2017 -- 31.03.2018 |
| 3.മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ. സഞ്ചു എം പി | 01.04.2017 -- 31-01-2018 |
| | ഡോ.ആശ കൃഷ്ണൻ | 01.02.2018 -- 31.03.2018 |
| 4.വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ.അബ്ദുൽ നാസർ | 01.04.2017 -- 31.03.2018 |
| 5.ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.വിനോദിനി വി<br>ശ്രീമതി.ഉമ്മുക്കുൽസു | 01.04.2017 -- 07.09.2017<br>08.09.2017 -- 31.03.2018 |
| 6.അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി. പി നാരായണി<br>ജോസ് (അഡീഷണൽ ചാർജ്)<br>ബിന്ദു.കെ.സി. (അഡീഷണൽ ചാർജ്)<br>എം ജി രാജൻ | 01.04.2017 -- 31.05.2017<br>01.06.2017 -16.06.2017FN 16.06.2017 AN-- 16.07.2017<br>17.07.2017 -- 31.03.2018 |
| 7.ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ദിവ്യ.ജി.എൻ | 01.04.2017 -- 31.03.2018 |
| 8.കൃഷി ഓഫീസർ | ശ്രീ ബാലചന്ദ്രൻ നായർ | 01.04.2017 -- 31.05.2017 |
| | ശ്രീമതി കെ വി ശ്രീജ (അഡീഷണൽ ചാർജ്) | 01.06.2017 -- 13.09.2017 |
| | ശ്രീ ടി ടി തോമസ് (അഡീഷണൽ ചാർജ്) | 14.09.2017 -- 05.11.2017 |
| | ശ്രീമതി ഇന്ദുലേഖ<br>ശ്രീമുഹമ്മത് സക്കീർ (അഡീഷണൽ ചാർജ്) | 06.11.2017 -- 11.12.17<br>12.12.2017 – 31.03.2018 |
| 9 .മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സാബിറ | 01-04 2017 -- 31-03-02018 |
| 10. മെഡിക്കൽ ഓഫീസർ (ആയുർവേദം) | ശ്രീമതി ജാസ്മിൻ<br>ശ്രീമതി സരിത<br>ശ്രീമതി റൈഹാനത്ത് | 01-04 2017 -- 16-07-02017<br>17-07-2017 -- 15-11-2017<br>16-11-2017 -- 31-03-2018 |
| 11.ഹെഡ്മാസ്റ്റർ | കെ.കെ.ജയിംസ് | 01-04-2017--31--03-2018 |

ഉള്ളടക്കം


| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| ഭാഗം I പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം. |
| 4 | 1-4 | സാമ്പത്തിക വിശകലനം(റസീപ്റ്റ്&പേയ്മെന്റ് പ്രകാരം) |
| 5 | 1-5 | ഫണ്ട് വിനിയോഗം (ACR പ്രകാരം) |
| 6 | 1-6 | പദ്ധതി അവലോകനം. |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷികകണക്കുകളിലെ അപാകതകൾ |
| ഭാഗം II വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | 2-1 | രശീതി പരിശോധന-അപാകതകൾ സംബന്ധിച്ച്. |
| 14 | 2-2 | തൊഴിൽ നികുതി അടവാക്കുന്നത് സംബന്ധിച്ച് |
| 15 | 2-3 | ഇ-ടെണ്ടർ-ഫോറം വില പഞ്ചായത്തിന് ലഭ്യമായിട്ടില്ല |
| ഭാഗം III ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 16 | 3-1 | തനത് ഫണ്ട് ചെലവഴിച്ചതിലെ അപാകതകൾ |
| 17 | 3-2 | GST രജിസ്ട്രേഷൻ ഇല്ലാത്ത സ്ഥാപനങ്ങൾക്ക് GST കുറവ് ചെയ്യാതെ തുക നൽകി; വിശദീകരണം ലഭ്യമാക്കേണ്ടതാണ്. |
| 18 | 3-3 | പ്ലാസ്റ്റിക് മാലിന്യ ശേഖരണം, സംസ്കരണം എന്ന പദ്ധതി (7/18)നടത്തിപ്പിലെ അപാകതകൾ |
| 19 | 3-4 | സർവീസ് ടാക്സ് കരാറുകാരന് നൽകിയത് ക്രമപ്രകാരമല്ല |
| 20 | 3-5 | എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ സർവ്വീസ് ടാക്സ് മൂല്യനിർണ്ണയത്തിലുൾപ്പെടുത്തിയില്ല. |
| 21 | 3-6 | റോഡ് വർക്കുകൾക്ക് മാസ്റ്റർ പ്ലാൻ ഇല്ല. |
| 22 | 3-7 | വി.സി ബി കൾക്ക് ചീർപ്പിടൽ- പ്രവൃത്തി പൂർത്തിയായില്ല. |
| 23 | 3-8 | മരാമത്ത് പ്രവൃത്തികൾ - പൊതു അപാകതകൾ |
| 24 | 3-9 | കണ്ണത്ത് മിനി സ്റ്റേഡിയം നവീകരണം -ആസൂത്രണത്തിലെ പാളിച്ചകൾ |
| 25 | 3-10 | ക്രമ വിരുദ്ധമായി വാങ്ങലുകൾ ഓഡിറ്റ് അംഗീകരിക്കുന്നില്ല- വിശദീകരണം ലഭ്യമാക്കേണ്ടതാണ്. |
| 26 | 3-11 | അമൃതം ന്യൂട്രിമിക്സ് പർച്ചേസ്- അധിക നിരക്കിൽ GST നൽകി- പഞ്ചായത്ത് ഫണ്ടിന് 22703/- രൂപയുടെ നഷ്ടം. |
| 27 | 3-12 | ലൈഫ് പദ്ധതി- നിർവ്വഹണത്തിലെ അപാകതകൾ |
| 28 | 3-13 | മരുന്നുകൾ ലഭ്യമാക്കുന്നതിന് തുടർ നടപടി സ്വീകരിക്കേണ്ടതാണ്. |
| 29 | 3-14 | പകർച്ചവ്യാധി നിയന്തണ പ്രവർത്തനങ്ങൾ (158/2018) |
| 30 | 3-15 | ജീവിത ശൈലി രോഗ നിയന്ത്രണം (248/2018) |

| | | |
|---|---|---|
| 31 | 3-16 | ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ |
| 32 | 3-17 | പകൽ വീട് നിർമാണം - ലക്ഷ്യം കൈവരിച്ചില്ല. |
| 33 | 3-18 | പർച്ചേസ് കമ്മിറ്റി അറിയാതെ വാങ്ങലുകൾ നടത്തുന്നു. |
| 34 | 3-19 | ഡെപ്പോസിറ്റ് പ്രവൃത്തി പൂർത്തീകരിച്ചില്ല |
| 35 | 3-20 | ചെയ്യാത്ത പ്രവൃത്തിക്ക് തുക അനുവദിച്ചു- നഷ്ടം 38201 രൂപ |
| 36 | 3-21 | സബ്സിഡി നിരക്ക് പാലിക്കാതെ ധനസഹായം നൽകി |
| 37 | 3-22 | ഭവന സുരക്ഷ പ്രോജക്ടുകൾ ഏറ്റെടുക്കുന്നത്. |
| 38 | 3-23 | പുന്നക്കാട് സാംസ്കാരിക നിലയം. പ്രോജക്ട് ലക്ഷ്യം കൈവരിക്കേണ്ടതാണ്. |
| 39 | 3-24 | മൃഗസംരക്ഷണ മേഖലയിലെ പ്രോജക്ടുകൾ- അപാകതകൾ |
| 40 | 3-25 | പുറംമ്പോക്ക് അളക്കൽ അനുബന്ധപ്രവൃത്തികൾ- അപാകതകൾ |
| 41 | 3-26 | ബസ് സ്റ്റാന്റ് നിർമാണം- അപാകതകൾ |
| 42 | 3-27 | വികസന കാര്യസ്ഥിരം സമിതിയുടെ പ്രവർത്തനങ്ങൾ - ഒരു വിലയിരുത്തൽ |
| 43 | 3-28 | അസിസ്റ്റ് എഞ്ചിനീയറുടെ പ്രോജക്ടുകൾ, ഒരു അവലോകനം |
| 44 | 3-29 | ഫലപ്രദമല്ലാത്ത മോണിറ്ററിങ്ങ് സംവിധാനം |
| 45 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 46 | 4-2 | നിക്ഷേപ പ്രവർത്തികൾക്ക്(Deposit Work) നൽകിയ തുകയുടെ വിവരങ്ങൾ |
| 47 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 48 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 49 | 4-5 | സ്ഥിര നിക്ഷേപങ്ങൾ |
| 50 | 4-6 | ഓഡിറ്റ് റിക്കവറി |
| 51 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 52 | 4-8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം |
| 53 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 54 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 55 | Annexure 1 | Audit Certificate |
| 56 | അനുബന്ധം 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ്/ 30-03-2017 തിയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്‍ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 31-05-2018 | | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 20-06-2018 മുതൽ 21-06 2018 വരെ | കെ എസ് എം പി എം 7/1693 /2018/3-7-18 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 36243862 |
| വരവ് | 95926372 |
| ആകെ | 132170234 |
| ചെലവ് | 116076251 |
| നീക്കിയിരിപ്പ് | 16093983 |

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 25163000 | 25163000 | 20262441 | 4900559 | 80.52 |
| വികസനഫണ്ട് എസ്.സി.പി. | | 6083282 | 6083282 | 5626921 | 456361 | 92.5 |
| വികസനഫണ്ട് ടി.എസ്.പി. | | 506794 | 506794 | 72526 | 434268 | 14.31 |
| സംരക്ഷണഗ്രാന്റ് റോഡ് | | 12814000 | 12814000 | 12453073 | 360927 | 97.18 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 5503000 | 5503000 | 4577745 | 925255 | 83.19 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 11818166 | 11818166 | 9598688 | 2219478 | 81.22 |
| പെർഫോമൻസ് ഗ്രാന്റ് | | 1702143 | 1702143 | 1530339 | 171804 | 89.91 |
| എം.എൻ.ആർ.ഇ.ജി.എസ്. | 50688 | 16451026 | 16501714 | 16493756 | 7958 | 99.95 |
| ബി ഫണ്ട് | | 61002240 | 61002240 | 61002240 | - | 100 |
| SBI -ഇ പേയ്മെന്റ് | 674000 | 33228 | 707228 | 649 | 706579 | |
| കെ.ജി.ബി.-14660 | 6740497 | 14331063 | 21071560 | 11212529 | 9859031 | |

| | | | | | | |
|---|---|---|---|---|---|---|
| കെ.എസ്.സി.ബി-1687 | 847186 | 901970 | 1776156 | 1176639 | 599517 | |
| ട്രഷറി.ടി.എസ്.ബി | 23110332 | 15850601 | 38960933 | 37350612 | 1610321 | |
| SBI-86304-ജലനിധി | 2706104 | 7731811 | 10437915 | 8050987 | 2386928 | |
| കെ.ജി.ബി-14429(ബിൽ ) | 802506 | 37618 | 840124 | 840124 | 0 | |
| കെ.ജി.ബി-12742സാക്ഷരത | 151822 | 6147 | 157969 | 0 | 157969 | |
| കെ.ജി.ബി-12986പെൻഷൻ | 35167 | 2006 | 37173 | 37173 | 0 | |
| കെ.ജി.ബി-14676-SSA | 145085 | 5875 | 150960 | 0 | 150960 | |
| കെ.ജി.ബി-13815(JSC) | 168694 | 94236 | 262930 | 88410 | 174520 | |
| കെ.എസ്.സി.ബി-7426 പശ്ചിമഘട്ടം എസ്.സി. | 248382 | 20371 | 268753 | 0 | 268753 | |
| കെ.എസ്.സി.ബി-7433 പശ്ചിമഘട്ടം-ജനറൽ | 135391 | 3454 | 138845 | 135291 | 3554 | |
| ട്രഷറി.ടി.എസ്.ബി(ജോയിന്റ് വെഞ്ച്വർ | 321914 | 1815000 | 2136914 | 2073223 | 63691 | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 261 | 92771443 | 192 | 62546732 | 7 | 69 | 73.56 |

## 1-7 തൊഴിലുറപ്പ്

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 50688 | 1104055 | 1154743 | 1146785 | 7958 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 15346971 | 15346971 | 15346971 | -- |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 97440 | 198 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 5131100 | 438 |
| വിധവാപെൻഷൻ | 19245900 | 1686 |
| വാർദ്ധക്യകാലപെൻഷൻ | 30735800 | 2559 |
| വികലാംഗപെൻഷൻ | 5254800 | 530 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 529800 | 40 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 741000 | 65 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-7-2018 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 122125 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണത്തിലെ പോരായ്മകൾ താഴെ കൊടുക്കുന്നു.

1)തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ , പരസ്യ നികുതി ഉൾപ്പെടെയുള്ളവ , കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല.

2) രശീതികൾ വഴി പിരിച്ചെടുക്കുന്ന തുകകളുടെ അടവ്, പിൻവലിക്കൽ പ്രവർത്തനങ്ങളിൽ മേലുദ്യോഗസ്ഥന്റെ പരിശോധന കാര്യക്ഷമമല്ല. രശീതി വഴി പിരിച്ചെടുക്കുന്ന തുകകളുടെ കൃത്യതയും, ബാങ്ക് ബുക്കിൽ ബുക്ക് ചെയ്യുന്ന ചെലവിന്റെ കൃത്യതയും പരിശോധിച്ച് ഉറപ്പു വരുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.
3)വസ്തുനികുതി ഒഴികെയുള്ള നികുതി നികുതിയേതര തനത് വരുമാനങ്ങളുടെ ഡിമാന്റ് കൃത്യമായി നിരീക്ഷിക്കുന്നില്ല.

4)പല സ്ഥാപനങ്ങളുടേയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല.

5) മുഴുവൻ ജീവനക്കാരും പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

6) പേഴ്സണൽ രജിസ്റ്ററിലെ മുഴുവൻ കോളങ്ങളും പൂരിപ്പിക്കുന്നില്ല.

7) പേഴ്സണൽ രജിസ്റ്ററിൽ തപാലുകൾ തീർപ്പാക്കിയത് രേഖപ്പെടുത്തുന്നില്ല.

8) പേഴ്സണൽ രജിസ്റ്റർ മാസാന്ത്യ ത്രൈമാസ പരിശോധന നടത്തുന്നില്ല.

9) ഹോളിഡേ ഡ്യൂട്ടി രജിസ്റ്റർ, കോമ്പൻസേറ്ററി ലീവ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

10)ചുമതലകൈമാറ്റരജിസ്റ്ററിൽ, ചില ജീവനക്കാർ ചുമതല ഏറ്റെടുക്കുമ്പോൾ പേരെഴുതി ഒപ്പ് വെക്കുന്നില്ല.

11) ഓഫീസ് ഓർഡറിൽ ചില ജീവനക്കാർ ചില ദിവസങ്ങളിൽ ഒപ്പ് വെക്കുന്നില്ല.

12) ഡെപ്പോസിറ്റ് രജിസ്റ്ററിൽ എല്ലാ തുകകളും ചേർക്കുന്നില്ല; ചേർക്കാത്ത തുകകളും തിരികെ നൽകുന്നുണ്ട്.

13) ഇ-ടെണ്ടർ നടപടികളിലൂടെ നിലവിൽ എൽ എസ് ജി ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കാൻ നടപടിയുണ്ടായിട്ടില്ല.

14)മെമ്പർമാർ/ജീവനക്കാർ എല്ലാ പണം സ്വീകരിക്കലിനും അക്വിറ്റൻസ് രജിസ്റ്ററിൽ തീയതി രേഖപ്പെടുത്തി ഒപ്പ് വെയ്ക്കുന്നില്ല.

15)സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങൾകൈപ്പറ്റിയവരുടെ ഒപ്പ് രേഖപ്പെടുത്തുന്നില്ല.

16)ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് വാങ്ങുന്ന ഔദ്യോഗിക ഫോറങ്ങൾ(ലീവ് അപേക്ഷ മുതലായവ..)ലഭിച്ച അതേ

ദിവസം തന്നെ മുഴുവനും വിതരണം ചെയ്തതായി കാണിക്കുന്നു.ആർക്കാണ് നൽകിയതെന്ന് രേഖപ്പെടുത്തുന്നില്ല.

17) കംപ്യൂട്ടർ,അനുബന്ധ ഉപകരണങ്ങൾ എന്നിവക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

18)സെക്യൂരിറ്റി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ തന്നെ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയുടേയും കെട്ടിടങ്ങളുടേയും വ്യക്തമായ വിവരവും മറ്റു വാല്യുബൾസിന്റേയും വിവരവും ലഭ്യമല്ല.

19) അസ്സറ്റ് രജിസ്റ്റർ കാലികമല്ല. അസ്സറ്റ് രജിസ്റ്ററിൽ മൂല്യം ചേർക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ചേർത്ത അസറ്റുകളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിയില്ല.ഉദാഹരണമായി ബാലൻസ് ഷീറ്റ് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയുടെ മൂല്യം ചേർത്തിട്ടില്ല.

20) പുറമ്പോക്ക് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.2017-18 ൽ ഏകദേശം 5ഹെക്ടറിലധികംപുറമ്പോക്ക് സ്ഥലംഅളന്ന് തിട്ടപ്പെടുത്തുന്നുണ്ടെങ്കിലും രജിസ്റ്ററിൽ ഇക്കാര്യം രേഖപ്പെടുത്തിയിട്ടില്ല.
21) വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി പഞ്ചായത്തു തല ആസൂത്രണ സമിതി , വർക്കിംഗ് ഗ്രൂപ്പുകൾ ഉൾപ്പെടെയുള്ളവ കാര്യക്ഷമമായി പ്രവർത്തിക്കാൻ മേൽ നോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം കാര്യക്ഷമമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകളുടെ കൃത്യത പരിശോധിക്കേണ്ടതും നിർദ്ദേശിക്കപ്പെടുന്ന പ്രോജക്ട് ആശയങ്ങൾ നടപ്പിലാക്കുന്നുവെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ ഉറപ്പുവരുത്തേണ്ടതുമാണ്.

22) സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
23) വർഷാവസാനം സർക്കാരിലേക്കും മറ്റു ഏജൻസികളിലേക്കും നിയമപരമായും സമയബന്ധിതമായും അടവാക്കേണ്ട തുകകൾ തനതു ഫണ്ടിൽസൂക്ഷിക്കുന്നുണ്ട്.ആയവ സമയബന്ധിതമായി അടവാക്കേണ്ടതാണ്.
24)പഞ്ചായത്തിന്റെ പൊതു മരാമത്ത് പ്രവൃത്തികളിൽ അധികവും വികസന സ്ഥിരം സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് അംഗീകാരം ലഭ്യമാക്കി നിർവഹണ ഘട്ടങ്ങൾ പൂർത്തിയാക്കേണ്ടത്.വാർഷിക പദ്ധതി നിർദേശങ്ങൾ നൽകുക എന്നതിലുപരിയായി പ്രോജക്ടുകളുടെ ജയപരാജയങ്ങൾ വിലയിരുത്തുന്നതിൽ സ്ഥിരം സമിതികളുടെ ഇടപെടൽ പരിമിതമാണ് എന്ന് മിനുട്സിൽ നിന്ന് വ്യക്തമാവുന്നു.

പ്രോജക്ടുകളുടെ പൊതുവായ വിലയിരുത്തൽ /പദ്ധതി അവലോകനം നടത്തുന്നതായി മിനുട്സിൽ രേഖപ്പെടുത്തുന്നുണ്ട്.എന്നാൽ പ്രത്യേകമായി ഒരു പ്രോജക്ടിനെ കുറിച്ചും വിലയിരുത്തൽ നടത്തി തീരുമാനം രേഖപ്പെടുത്തുന്നതിൽ സ്ഥിരം സമിതി ശ്രദ്ധചെലുത്തിയിട്ടില്ല എന്ന് കാണുന്നു.

25-കൃഷി ഓഫീസർ നിർവഹണം നടത്തിയ 146/18 പ്രോജക്ടിന്റെ ഭാഗമായി ടിഷ്യൂ കൾച്ചർ വാഴ തൈ വിതരണം ചെയ്യുന്നുണ്ട്. ഭരണസമിതി അംഗീകരിച്ച് നൽകിയ 416 ഗുണഭോക്താക്കളിൽ നിന്ന് 292 ഗുണഭോക്താക്കൾക്കാണ് ഇപ്രകാരം 4140 തൈകൾ വിതരണം ചെയ്യുന്നത്. പ്രോജക്ടിനായി 82800 രൂപ ചെലവ് ചെയ്യുകയും ചെയ്തിട്ടുണ്ട്. തൈകൾ വിതരണം ചെയ്തു എന്ന് രേഖപ്പെടുത്തിയ രജിസ്റ്ററിൽ വ്യാപകമായ തിരുത്തലുകൾ വരുത്തിയിട്ടുണ്ട് എന്ന് കാണുന്നു. ഇപ്രകാരം സാക്ഷ്യപ്പെടുത്താത്ത തിരുത്തലുകൾ വരുത്തുന്നത് നിർബന്ധമായും ഒഴിവാക്കേണ്ടതാണ്.

26-കൃഷി ഓഫീസർ നിർവഹണം നടത്തിയ 148/18 പ്രോജക്ടിന്റെ ഭാഗമായി ഫലവൃക്ഷ തൈകൾ വിതരണം ചെയ്യുന്നതിനായി 2.52 ലക്ഷം രൂപ ചെലവ് ചെയ്യുന്നുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ച് മണ്ണുത്തിയിലെ ഒരു സ്വകാര്യ സ്ഥാപനത്തിൽ നിന്നാണ് തൈകൾ വാങ്ങുന്നത്. ഞാവൽ, തേൻവരിക്ക, റമ്പൂട്ടാൻ, ബട്ടർ ഫ്രൂട്ട്, ചന്ദ്രകാരൻ എന്നിവ ഉൾപ്പെട്ട ഒരു സെറ്റിന് 700 രൂപയാണ് വില. ഇത്തരത്തിലുള്ള തൈകൾ ഉൽപാദിപ്പിക്കുകയും , വിൽപന നടത്തുകയും ചെയ്യുന്ന സർക്കാർ , സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ ഏറെയാണ്. ഇവയുടെ ഉൽപന്നങ്ങൾ ഉന്നത ഗുണ നിലവാരം പുലർത്തുന്നവയും കോസ്റ്റ് ഇഫക്ടീവുമാണ്. എന്നാൽ ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് തൈകൾ വാങ്ങാതെ സ്വകാര്യ സ്ഥാപനങ്ങൾക്ക് സപ്ളെ ഓർഡർ നൽകുന്നത് ക്രമപ്രകാരമല്ല. വികസന സ്ഥിരം സമിതിയും പഞ്ചായത്ത് പർച്ചേസ് കമ്മിറ്റിയും യുക്തവും ഫലപ്രദവുമായ ഇടപെടലുകൾ നടത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06-07-2018 | 6/2018 | 06-07-2018 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08-11-2014 മുതൽ 23-11-2014 വരെ | 1997-98 മുതൽ 2003-04 വരെ | 03-01-2005 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

1. 3മാസത്തിലധികമായി എൻ കാഷ് ചെയ്യാത്ത താഴെ കൊടുത്തിട്ടുള്ള ചെക്കുകൾ ബാലൻസ് ഷീറ്റ്(Schedule B9) ൽ Liability in respect of stale cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

| ക്രമ നമ്പർ | A/C നമ്പർ | ചെക്ക് നമ്പർ | തുക | തിയ്യതി |
|---|---|---|---|---|
| 1 | KGB -14660 | 012698 | 2520 | 14.09.2017 |
| 2 | KGB -14660 | 011375 | 5760 | 31.03.2017 |
| 3 | KSCB-1687 | 187886 | 225 | 06.05.2015 |
| 4 | KSCB-1687 | 186260 | 800 | 22.12.2014 |
| 5 | KSCB-1687 | 193454 | 56 | 28.03.2017 |
| 6 | KSCB-1687 | 193204 | 373 | 10.08.2016 |
| 7 | KSCB-1687 | 162785 | 2789 | 03.09.2010 |
| 8 | KSCB-1687 | 182622 | 770 | 31.03.2014 |
| 9 | KSCB-1687 | 182653 | 820 | 07.05.2014 |
| 10 | KSCB-1687 | 187886 | 150 | 06.05.2015 |
| 11 | SBT-67163486304 | 542815 | 1087 | 26.12.2016 |

2. കുടിശ്ശിക തുകകളുടെ DCB പൊരുത്തപ്പെടുന്നില്ല.

2016-17 AFS പ്രകാരമുള്ള കുടിശ്ശിക(B-15,16-17) 2017-18ൽ പിരിച്ചതിന്റെയും (RP43)അവശേഷിക്കുന്നതിന്റെയും (B15,17-18) തുകകൾ താഴെ പറയും പ്രകാരം പൊരുത്തപ്പെടുന്നില്ല.

| ക്രമ നമ്പർ | ഇനം | കുടിശ്ശിക(B-15,16-17) | അരിയർ കലക്ഷൻ(RP43) | 1. അരിയർ ബാലൻസ് B-15,17-18 |
|---|---|---|---|---|
| 1 | താമസത്തിനുള്ള കെട്ടിടം | തൻവർഷം-102098 | 1687141 | 58226 |
| | | അരിയർ-11358 | | |
| | | ആകെ=(90740) | | |
| 2 | താമസേതര കെട്ടിടം | തൻവർഷം-1775224 | 1418661 | - |
| | | അരിയർ-192525 | | |

| | | | | |
|---|---|---|---|---|
| | | ആകെ=<br>1967749 | | |
| 3 | തൊഴിൽ നികുതി(Traders) | - | 2680 | - |

3. തൻവർഷ DCB തുകകൾ താഴെ പറയും പ്രകാരം പൊരുത്തപ്പെടുന്നില്ല.

| ക്രമ നമ്പർ | ഇനം | Demand | Collection | Balance |
|---|---|---|---|---|
| 1. | താമസത്തിനുള്ള കെട്ടിടം | 2007049 | 2194460 | - |
| 2 | താമസേതര കെട്ടിടം | 2324638 | 1996871 | 9584 |
| 3 | Rent on building | 1338516 | 986990 | 150000 |

4.ഡിമാന്റ് രജിസ്റ്ററിലെയും AFS ലെയും തുകകൾതാഴെ പറയും പ്രകാരം പൊരുത്തപ്പെടുന്നില്ല.

| ഇനം | രജിസ്റ്റർ പ്രകാരം | AFS പ്രകാരം |
|---|---|---|
| Profession tax(കുടിശ്ശിക) ഡിമാന്റ് | 12520 | - |
| Do collection | 12520 | - |
| തൻവർഷ തൊഴിൽ നികുതി (employees)ഡിമാന്റ് | 1347630 | 1360150 |
| Do collection | 1347630 | 1360150 |
| തൻവർഷ തൊഴിൽ നികുതി(T&I) collection | 322940 | 321090 |
| കെട്ടിടവാടക വരവ് | 1188516 | 1053000<br>(അരിയർ-26616,current-986990,advance-39394) |

5.മുൻകൂർ:AFS ലെ താഴെ പറയുന്ന തുകകൾ മുൻകൂർ രജിസ്റ്ററിൽ ഇല്ല.

| ഇനം | തുക |
|---|---|
| Advance to implimenting agencies | 37730 |
| Tour TA | 23000 |
| Advance to other authorised agencies | 123200 |
| Advance to implimenting officers | 751810 |

6.തൻവർഷ കുടിശ്ശിക തുകകൾക്ക് പ്രൊവിഷൻ വെച്ചിട്ടില്ല.

7.Advance register,Deposit registerഎന്നിവയിലെ ആകെതുക,വർഷാവസാന ബാക്കി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

8.മുൻവർഷ AFSലെ അപാകതകൾ പരിഹരിച്ചിട്ടില്ല.

9. കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011ലെ ചട്ടം 65 പ്രകാരമുള്ള വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാദങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ മുതലായവ ഉൾപ്പെടുത്തിയിട്ടില്ല.

10. ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 രശീതി പരിശോധന-അപാകതകൾ സംബന്ധിച്ച്.

1.പഞ്ചായത്തിന്റെ തനത് ഫണ്ട് നിക്ഷേപിക്കുന്നതിനായി 2 അക്കൗണ്ടുകൾ (അക്കൗണ്ട് നം SB2-1687, അക്കൗണ്ട് നം KGB-40104100114660) നിലവിലുള്ളതായി കാണുന്നു.ഒരു അക്കൗണ്ട് ക്ലോസ് ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2.താഴെ പറയുന്ന അക്കൗണ്ടുകളിലെ ബാലൻസ് തുകകൾ അക്കൗണ്ട് നം KGB-40104100114660 (own fund)എന്ന അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് അക്കൗണ്ട് close ചെയ്തിട്ടുണ്ട് ,ടി തുകകൾ consolidated fund ൽ അടവാക്കിയിട്ടില്ല. ആയത് ഏതിനത്തിലുള്ള തുകകളാണെന്ന് കണ്ടെത്തി അതാത് ഫണ്ടുകളിൽ അടവാക്കി അറിയിക്കേണ്ടതാണ്
വിശദാംശം താഴെ കൊടുക്കുന്നു.

| അക്കൗണ്ട് നമ്പർ/പേര് | ട്രാൻസ്ഫർ ചെയ്ത തുക | തിയതി |
|---|---|---|
| 14429. ബിൽ | 840124 | 29.03.2018 |
| 2986. പെൻഷൻ- | 37173 | 29.03.2018 |

### 2-2 തൊഴിൽ നികുതി അടവാക്കുന്നത് സംബന്ധിച്ച്

Ideal public സ്കൂൾ എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും ( ഒന്ന്,രണ്ട്അർദ്ധവർഷം) തൊഴിൽനികുതി അടവാക്കിയിട്ടില്ല. ആയത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 2-3 ഇ ടെണ്ടർ - ഫോറം വില പഞ്ചായത്തിന് കിട്ടിയില്ല.

GO(MS) No 318/2013/LSGD/28-09-2013 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ ഓൺലൈൻ ഇടപാട് വഴിയുള്ള ടെണ്ടർ ഫോറം വില സ്വീകരിക്കുന്നതിനായി പുതിയ സീറോ ബാലൻസ് തുടങ്ങുന്നതിനും ഉത്തരവായിട്ടുള്ളതാണ്. മേലുത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ടെണ്ടർ നടപടികളുടെ ഭാഗമായി ക്രഡിറ്റ് ചെയ്യുന്നത്. ആയത് പ്രകാരം, കരുവാരകുണ്ട് ഗ്രാമപഞ്ചായത്ത് ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തത് എത്ര രൂപയാണെന്നും അതിൽ എത്ര രൂപ ലഭ്യമായിട്ടുണ്ട് എന്ന വിവരവും ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 തനത് ഫണ്ട് ചെലവഴിച്ചതിലെ അപാകതകൾ

നി.ഉദ്യോഗസ്ഥൻ. സെക്രട്ടറി.

താഴെ പറയുന്ന വൗച്ചറുകൾ പ്രകാരമുള്ള ചെലവിന് അതാതിന് നേരെ കാണിച്ച അപാകതകൾ കാണുന്നു. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

| ക്ര.നം. | വൗച്ചർ നംപർ | തുക | ചെലവിനം | അപാകത |
|---|---|---|---|---|
| 1 | 21700315/18-7-17 | 100000 | ഡെപ്പോസിറ്റ് തുക തിരിച്ച് നൽകിയത്.<br>(a) 11501104999 20000<br>(b) 11501100202 30000<br>(c) 11501105000 20000<br>(d) 11501100203 30000 | (a),(c):തുക നൽകിയത് ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.<br>(b),(d): തുക ഡെപ്പോസിറ്റ് ചെയ്തതും തിരികെ നൽകിയതും ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 2 | 21700555/19-10-17 | 271992 | 31-5-17 ന് വിരമിച്ച ശ്രീ. തോമസ് ജോസഫിന് ടെർമിനൽ സറണ്ടർ തുക നൽകിയത്.(168 ദിവസം) | സർവ്വീസ് ബുക്കിൽ ആർജ്ജിതാവധി അക്കൗണ്ട് close ചെയ്തിട്ടില്ല. 30-3-16 വരെ മാത്രം രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുള്ളൂ. |
| 3 | 21701026/31-3-18 | 78110 | പദ്ധതി രൂപീകരണച്ചെലവ് | ചെലവിന്റെ വിശദാംശം ലഭ്യമല്ല. |
| | ആകെ | 450102 | | |

അപാകതകൾക്ക് മറ്പടി ലഭ്യമാക്കേിയിട്ടില്ല. ചെലവ് തുക 450102 രൂപ തടസ്സം ചെയ്യുന്നു.ഇക്കാര്യം സൂചിപ്പിച്ച് നൽകിയ 10/27-07-2018 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-2 GST രജിസ്ട്രേഷൻ ഇല്ലാത്ത സ്ഥാപനങ്ങൾക്ക് GST കുറവ് ചെയ്യാതെ തുക നൽകി; വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

നി.ഉദ്യോഗസ്ഥൻ. സെക്രട്ടറി.

താഴെ പറയുന്ന സ്ഥാപനങ്ങൾ ഹാജരാക്കിയ ബില്ലുകളിൽ GST രജിസ്ട്രേഷൻ സംബന്ധിച്ച വിശദാംശം ഇല്ല. എന്നാൽ ഈ സ്ഥാപനങ്ങൾക്ക് GST ഈടാക്കാതെ മുഴുവൻ തുകയും നൽകിയിതായി കാണുന്നുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

1) പ്രിന്റിംഗ് ചാർജ് കൊടുത്തത്.

സ്ഥാപനം: ഭാഷാ പ്രിന്റിഗ് ഹൗസ്, ഉവ്വൂർ ( ഹാരിസ് ബാബു)

തുക നൽകിയതിന്റെ വിശദാംശം

| ക്ര നം | വൗച്ചർ നംപർ | തുക (രൂപ) | ചെലവിനം |
|---|---|---|---|
| 1 | 21700371/5-8-17 | 57375 | പദ്ധതിരൂപീകരണം; പ്രിന്റിംഗ് ചാർജ് |
| 2 | 21700502/23-9-17 | 5000 | ലൈഫ് മിഷൻ ഗുണഭോക്തൃലിസ്റ്റ് |
| 3 | 21700575/27-10-17 | 4800 | ഗ്രാമസഭാ നോട്ടീസ് |
| 4 | 21700576/27-10-17 | 2000 | നോട്ടീസ് പ്രിന്റിംഗ് ചാർജ് |
| 5 | 21700649/17-11-17 | 44100 | കേരളോത്സവം, പ്രിന്റിംഗ് ചാർജ് |
| 6 | 21700818/22-1-18 | 23135 | പദ്ധതിരൂപീകരണം; പ്രിന്റിംഗ് ചാർജ് |
| 7 | 21700819/22-1-18 | 19500 | പദ്ധതിരൂപീകരണം; പ്രിന്റിംഗ് ചാർജ് |

| | | | |
|---|---|---|---|
| 8 | 21700785/10-1-18 | 800 | ലെറ്റർ പാഡ് |
| 9 | 21700786/10-1-18 | 3600 | ലെറ്റർ പാഡ് |
| 10 | 21700787/10-1-18 | 1300 | നോട്ടീസ് |
| 11 | 21700788/10-1-18 | 12549 | നോട്ടീസ് |
| 12 | 21700789/10-1-18 | 5760 | നോട്ടീസ് |
| 13 | 21700790/10-1-18 | 300 | സീൽ |
| 14 | 21700791/10-1-18 | 900 | ബാനർ |
| 15 | 21700792/10-1-18 | 4800 | ഗ്രാമസഭാ നോട്ടീസ് |
| 16 | 21701289/31-3-18 | 47250 | 7/18 പദ്ധതിക്ക് വേണ്ടി ബാനർ 32250 രൂപ, നോട്ടീസ് 15000 രൂപ |
| | ആകെ | 233169 | |

2)വേലിക്കല്ല് വിതരണം ചെയ്തതിന് നൽകിയ തുക

സ്ഥാപനം: വർഗ്ഗീസ് N J, കരുവാരകുണ്ട്, തരിശ്

പുറമ്പോക്ക് അളക്കൽ (49/18) എന്ന പദ്ധതി പ്രകാരം പുറമ്പോക്ക് സ്ഥലം അതിരിട്ട് വേർതിരിക്കുന്നതിന് വേണ്ടി 500 വേലിക്കല്ല് 300 രൂപ നിരക്കിൽ (4 %VAT) ശ്രീ വർഗ്ഗീസ് N J, കരുവാരകുണ്ട്, തരിശ് എന്നവരിൽ നിന്ന് വാങ്ങിയിട്ടുണ്ട്. നികുതിയുൾപ്പെടെ 156000 രൂപയുടെ ബില്ല് (നംപർ 7/22-1-2018) ഹാജരാക്കുകയും 150000 രൂപ നൽകുകയും ചെയ്തു. എന്നാൽ സ്ഥാപനം VAT ബിൽ ആണ് ഹാജരാക്കിയത്. 01-07-2017 മുതൽ GST നടപ്പിലാക്കിയതിനാൽ മേൽ ബില്ല് സ്വീകാര്യമല്ല.

GST രജിസ്ട്രേഷൻ ഇല്ലാത്ത മേൽ സ്ഥാപനങ്ങൾക്ക് GST കുറവ് ചെയ്യാതെ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 11/27-7-18 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും അർഹമായ GST ഈടാക്കി അടവാക്കി അറിയിക്കേണ്ടതാണ്.

## **3-3** പ്ലാസ്റ്റിക് മാലിന്യ ശേഖരണം, സംസ്കരണം എന്ന പദ്ധതി **(7/18)**നടത്തിപ്പിലെ അപാകതകൾ

നി.ഉദ്യോഗസ്ഥൻ. സെക്രട്ടറി.

മേൽ പദ്ധതിനടത്തിപ്പിനായി താഴെ പറയും പ്രകാരം 359910 രൂപ ചെലവഴിച്ചിട്ടുണ്ട് വിശദാംശം താഴെ കൊടുക്കുന്നു.

| ക്രനം | ട്രഷറി ബിൽ നംപർ | തുക (രൂപ) | ചെലവിനം |
|---|---|---|---|
| 1 | 26/17-18 /31-3-2018 | 47250 | പ്രിന്റിംഗ് ചാർജ് |
| 2 | 27/17-18 /31-3-2018 | 38400 | ലൈറ്റ് & സൗണ്ട് |
| 3 | 28/17-18 /31-3-2018 | 43000 | മൈക്ക് അനൗൺസ്മെന്റ് |
| 4 | 29/17-18 /31-3-2018 | 31900 | മാലിന്യം നീക്കിയതിന്റെ വാഹനവാടക |
| 5 | 31/17-18 /31-3-2018 | 199360 | 8000 കോട്ടൺ സഞ്ചി വാങ്ങിയതിന്റെ വില farm panacea trade links Thootha എന്ന സ്ഥാപനത്തിന് നൽകിയത്. |

| | | | |
|---|---|---|---|
| | ആകെ | 359910 | |

അപാകതകൾ / നിരീക്ഷണങ്ങൾ

1) മേൽ ക്രമ നംപർ 5പ്രകാരം വാങ്ങിയ കോട്ടൺ സഞ്ചി നാളിതുവരേയായിട്ടും വിതരണം ചെയ്തിട്ടില്ല. മാത്രമല്ല, ടെണ്ടർ നടപടികളുടെ വിശദാംശം ലഭ്യമല്ല.പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ 9-3-18 ലെ യോഗത്തിൽ കോട്ടൺ സഞ്ചി ക്വട്ടേഷൻ മുഖേന വാങ്ങാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും തുടർ തീരുമാനങ്ങളൊന്നും മിനുട്സിൽ രേഖപ്പെുത്തിയിട്ടില്ല . 2018-19 വർഷം വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് അന്വേഷണത്തിന്റെ മറുപടിയിൽ ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരവും വാങ്ങലിലെ അപാകതക്ക് വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

2) മേൽ ക്രമ നംപർ 4പ്രകാരം 13 ലോഡ് പ്ലാസ്റ്റിക് ( 25-2-18), 8 ലോഡ് കുപ്പിച്ചില്ല്(25-3-18) മുതലായവയും ആക്രിക്കടകൾക്ക് കൈമാറിയിട്ടുണ്ട്. പിന്നീട്, മാലിന്യങ്ങൾ ശേഖരിച്ച് കൈമാറിയതായി കാണുന്നില്ല. തുടർ പ്രവർത്തനവിവരം ലഭ്യമാക്കേണ്ടതാണ്.നിലവിൽ പ്ലാസ്റ്റിക്,കുപ്പിച്ചില്ല് മുതലായവക്ക് വിലയൊന്നും തന്നെ ലഭിക്കുന്നില്ല.ശേഖരിക്കുന്ന മാലിന്യം തരം തിരിക്കാതെ നൽകുന്നതിനാലാണ് വില ലഭിക്കാത്തതെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.ശേഖരിക്കുന്ന മാലിന്യം തരം തിരിച്ച് നൽകുകയാണെങ്കിൽ ഗ്രാമപഞ്ചായത്തിന് ഇതൊരു വരുമാന മാർഗ്ഗം കൂടിയാവും. ഭരണസമിതി ഇക്കാര്യം ചർച്ച ചെയ്ത് തുടർനടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

3) ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 13-1-17,20-2-17 എന്നീ തീയതികളിലെ യോഗങ്ങളിൽ പ്ലാസ്റ്റിക് ഉപയോഗം കുറച്ച്കൊണ്ട് വരുന്നതിനും 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരിബേഗുകൾ നിരോധിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. തുടർനടപടിവിവരം ലഭ്യമാക്കേണ്ടതാണ്.

## 3-4 സർവീസ് ടാക്സ് കരാറുകാരന് നൽകിയത് ക്രമപ്രകാരമല്ല.

1-പകൽ വീട് നിർമാണം.സർവീസ് ടാക്സ് - തുക കരാറുകാരന് നൽകി

പകൽ വീട് നിർമാണം എന്ന 31/2018പ്രോജക്റ്റ് സ്പിൽ ഓവറായിട്ടാണ് നിർവഹിക്കുന്നത്.പ്ലാൻ ഫണ്ട് എട്ട് ലക്ഷം രൂപയാണ് ഇതിനായി വകയിരുത്തിയത്. മുഹമ്മദ്. കെ എന്ന കരാറുകാരൻ പ്രവൃത്തി ഏറ്റെടുക്കുകയും ബിൽ 24/27.07.2017 പ്രകാരം 782787 രൂപ പിൻവലിച്ച് കരാറുകാരന് തുക നൽകുകയും ചെയ്തിട്ടുണ്ട്. എട്ട് ലക്ഷം രൂപയാണ് എസ്റ്റിമേറ്റ് തുക. ഇതിൽ 45140 രൂപ സർവീസ് ടാക്സിനായി വകയിരുത്തിയതാണ്. 121/16-17 അളവ് പുസ്തകത്തിൽ പ്രവൃത്തിയുടെ അളവുകൾ ( പേജ് 32) രേഖപ്പെടുത്തിയത് ഇപ്രകാരമാണ്.

ആകെ പ്രവൃത്തി മൂല്യം 738478

സർവീസ് ടാക്സ് 44309

ആകെ 782787

കരാർ തുകയിൽ പരിമിതപെടുത്തുന്നത് 782787

ട്രഷറിയിൽ നിന്ന് പിൻവലിച്ച് കരാറുകാരന് തുക നൽകിയത് ഇപ്രകാരമാണ്.

ആകെ പ്രവൃത്തി മൂല്യം 782787

(-) വാറ്റ് 31311

(-) ആദായ നികുതി 7828

(-)വെൽഫയർ ഫണ്ട് 7828

കരാറുകാരന് നൽകുന്നത് 735820

സർവീസ് ടാക്സ് കൂടി ഉൾപെട്ട തുകയാണ് കരാറുകാരന് നൽകിയിട്ടുള്ളത് എന്ന് അളവ് പുസ്തകത്തിൽ നിന്ന് വ്യക്തമാവുന്നു. സർവീസ് ടാക്സ് ഇനത്തിൽ വകയിരുത്തിയ 44309 രൂപ ബില്ലിൽ നിന്ന് കുറവ് ചെയ്യുകയോ, ബന്ധപ്പെട്ട വകുപ്പിൽ അടവാക്കുകയോ ചെയ്തിട്ടില്ല എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു.തുക അടവാക്കിയ രേഖകൾ ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുമില്ല.

സർവീസ് ടാക്സിനായി എസ്റ്റിമേറ്റിൽ വകയിരുത്തിയ തുക കരാറുകാരന് നൽകിയത് ക്രമപ്രകാരമല്ല. 44309 രൂപ തിരിച്ചടവാക്കുന്നതുവരെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കാണുന്നു.

2-അരിമണൽ ബദൽ സ്കൂൾ നിർമാണം - സർവീസ് ടാക്സ് - തുക കരാറുകാരന് നൽകി

അരിമണൽ ബദൽ സ്കൂൾ കെട്ടിട നിർമാണം എന്ന പ്രോജക്ട് സ്പിൽ ഓവറായിട്ടാണ് നിർവഹിക്കുന്നത്.പ്ലാൻ ഫണ്ട് ലോക ബാങ്ക് ധനസഹായ തുകയിൽ നിന്ന് എട്ട് ലക്ഷം രൂപയാണ് ഇതിനായി വകയിരുത്തിയത്.തമ്പി സെബാസ്റ്റ്യൻ എന്ന കരാറുകാരൻ പ്രവൃത്തി ഏറ്റെടുക്കുകയും ബിൽ 27/27.10.2017 പ്രകാരം 793405 രൂപ പിൻവലിച്ച് കരാറുകാരന് തുക നൽകുകയും ചെയ്തിട്ടുണ്ട്. എട്ട് ലക്ഷം രൂപയാണ് എസ്റ്റിമേറ്റ് തുക. ഇതിൽ 45130 രൂപ സർവീസ് ടാക്സിനായി വകയിരുത്തിയതാണ്. 280/14-15 അളവ് പുസ്തകത്തിൽ പ്രവൃത്തിയുടെ അളവുകൾ ( പേജ് 24) രേഖപ്പെടുത്തിയത് ഇപ്രകാരമാണ്.

ആകെ പ്രവൃത്തി മൂല്യം 757104

സർവീസ് ടാക്സ് 45426

ആകെ 802530

കരാർ തുകയിൽ പരിമിതപെടുത്തുന്നത് 793405

ട്രഷറിയിൽ നിന്ന് പിൻവലിച്ച് കരാറുകാരന് തുക നൽകിയത് ഇപ്രകാരമാണ്.

ആകെ പ്രവൃത്തി മൂല്യം 793405

(-) വാറ്റ് 7934

(-) ആദായ നികുതി 31736

(-)വെൽഫയർ ഫണ്ട് 7934

കരാറുകാരന് നൽകുന്നത് 745801

സർവീസ് ടാക്സ് കൂടി ഉൾപെട്ട തുകയാണ് കരാറുകാരന് നൽകിയിട്ടുള്ളത്. സർവീസ് ടാക്സ് ഇനത്തിൽ വകയിരുത്തിയ 45426 രൂപ ബില്ലിൽ നിന്ന് കുറവ് ചെയ്യുകയോ, ബന്ധപ്പെട്ട വകുപ്പിൽ അടവാക്കുകയോ ചെയ്തിട്ടില്ല എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു.തുക അടവാക്കിയ രേഖകൾ ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുമില്ല.

സർവീസ് ടാക്സിനായി എസ്റ്റിമേറ്റിൽ വകയിരുത്തിയ തുക കരാറുകാരന് നൽകിയത് ക്രമപ്രകാരമല്ല.45426 രൂപ തിരിച്ചടവാക്കേണ്ടതാണ്.

മൂല്യനിർണയത്തിൽ ഉൾപ്പെടുത്തി സർവീസ് ടാക്സ് കരാറുകാർക്ക് നൽകിയതിലെ അപാകത പരാമർശിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും വിശദീകരണം ലഭ്യമാക്കുകയോ തുക തിരിച്ചടവാക്കുകയോ , തുക ബന്ധപ്പെട്ടവരിൽ നിന്ന് അടവാക്കിയ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. 45426 രൂപ ബന്ധപ്പെട്ട ഹെഡിൽ അടവാക്കുന്നതുവരെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കാണുന്നു.

## 3-5 എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ സർവ്വീസ് ടാക്സ് മൂല്യനിർണ്ണയത്തിലുൾപ്പെടുത്തിയില്ല.

താഴെപറയുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് നിയമപരമായ സർവ്വീസ് ടാക്സ് ഉൾപ്പെടുത്തി തയ്യാറാക്കി അംഗീകാരം വാങ്ങിയതാണ്. എന്നാൽ കൺവീനർക്ക് സർവ്വീസ് ടാക്സ് മൂല്യനിർണ്ണയത്തിൽ ഉൾപ്പെടുത്താതെ തുക നൽകിയതിനാൽ താഴെ പറയും പ്രകാരം നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്ര.നം | പദ്ധതിയുടെ വിശദാംശം | നൽകിയ തുക | നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|
| 1 | GUPS പഴയകടക്കൽ സ്കൂൾ ചുറ്റുമതിൽ | മൂല്യനിർണ്ണയം: 196309<br>(-) നികുതികൾ: 17704 | മൂല്യനിർണ്ണയം: 196309<br>(+)S.Tax6%: 11778 | 7547രൂപ |

| | | | | |
|---|---|---|---|---|
| | റിപ്പയർ 29/18<br>AS/TS തുക: 200000രൂപ<br>കൺവീനർ: ജെയിംസ് .കെ.കെ<br>കരാർ: 34/31-12-17<br>സർവ്വീസ് ടാക്സ്: 11238.6 രൂപ<br>(എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്)<br>അളവ് പുസ്തകം :20/17-18 | കൺവീനർക്ക്: 178605<br>(ട്രഷറി ബിൽ നംപർ. 02/20.07.18: 155350 രൂപ)<br>തനത്ഫണ്ട് 40959<br>-------------<br>196309 | ആകെ: 208887<br>Ltd to AS: 200000<br>(-)S Tax: 11238 (എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്)<br>(-) നികുതികൾ : 17704<br>കൺവീനർക്ക്: 171058 | |
| 2 | പുന്നക്കാട് ചുങ്കം കുളിമറ 38/18<br>AS/TS തുക: 490000രൂപ<br>കൺവീനർ: മുഹമ്മദ് മുസ്തഫ.കെ<br>കരാർ: 111/17.02.17<br>സർവ്വീസ് ടാക്സ്: 27626.6 രൂപ<br>(എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്)<br>അളവ് പുസ്തകം :120/16-17 | മൂല്യനിർണ്ണയം:483466<br>(-) നികുതി: 42675<br>കൺവീനർക്ക്:440789<br>(ട്രഷറി ബിൽ നംപർ. 26/21.07.17:483466 രൂപ) | മൂല്യനിർണ്ണയം: 483466<br>(+)S.Tax.6%: 29008<br>ആകെ: 512474<br>Ltd to AS: 490000<br>(-)S Tax: 27626 (എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്)<br>(-) നികുതി: 42675<br>കൺവീനർക്ക്: 419699 | 21090രൂപ |
| | ആകെ അധികം | | | 28637 |

സർവ്വീസ് ടാക്സ് മൂല്യനിർണ്ണയത്തിൽ ഉൾപ്പെടുത്തി,സാങ്കേതികാനുമതി തുകയിൽ പരിമിതപെടുത്തി തുക നൽകേണ്ടതായിരുന്നു.എന്നാൽ ക്രമപ്രകാരമല്ലാത്ത രീതിയിൽ കൺവീനർക്ക് 28637 രൂപ അധികം നൽകിയ ത് ശ്രദ്ധയിൽ പെടുത്തി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും വിശദീകരണം ലഭ്യമാക്കുകയോ , തുക തിരിച്ചടവാക്കുകയോ, സർവീസ് ചാർജ് അടവാക്കിയ രേഖകൾ ലഭ്യമാക്കുകയോ ചെയ്തില്ല. അധികം നൽകിയ തുക കരാറുകാരിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-6 റോഡ് വർക്കുകൾക്ക് മാസ്റ്റർ പ്ലാൻ ഇല്ല.

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി പ്ലാനും റോഡ് കണക്റ്റിവിറ്റി മാപ്പും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്ന് പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതൽ സർക്കാരിന്റെ നിർദ്ദേശമുള്ളതാണ്. ഏതൊരു റോഡ് നിർമ്മാണ പ്രോജക്ടിനോടൊപ്പവും റോഡ് കണക്റ്റിവിറ്റി മാപ്പിൽ , പ്രൊജക്റ്റിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗ

രേഖയിൽ സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. 14-7-2007 ലെ ജി.ഒ.(എം.എസ്.)128/07/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ ഖണ്ഡിക- 5-12 പ്രകാരം ഗ്രാമ പഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിൽ വരുന്ന ചെറുതും വലുതുമായ എല്ലാ റോഡുകളുടെയും ഒരു ശൃംഖല (കണക്റ്റിവിറ്റി പ്ലാൻ) തയ്യാറാക്കണമെന്നും , അത് ഹൈവേയോടും മേജർ ജില്ലാ റോഡുകളുമായും ബന്ധിപ്പിക്കുന്നതും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങൾ വരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടെയും ഒരു കേന്ദ്ര ശൃംഖലയായി തയ്യാറാക്കി ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകേണ്ടതാണ്. ഈ കണക്റ്റിവിറ്റി പ്ലാനിൽ നിലവിലുള്ള റോഡുകളുടെ വിപുലീകരണവും അറ്റകുറ്റപണിയും പുതിയ റോഡുകളുടെ നിർമ്മാണം സംബന്ധിച്ചുള്ള ഘടകവും ഉൾകൊള്ളിക്കേണ്ടതാണ്. ഇതാണ് റോഡുകളുടെ വികസനത്തിലും നിർമാണത്തിലും , മെയിന്റനൻസിലും മാസ്റ്റർ പ്ലാൻ ആയി വർത്തിക്കേണ്ടത്.അതിന് ശേഷം ഈ മേഖലയിലെ വിദഗ്ധരുടെ ഒരു യോഗം വിളിച്ച് ചേർത്ത് മാനദണ്ഡങ്ങളെ ആധാരമാക്കി മുൻഗണനാക്രമം നിശ്ചയിച്ച് വേണം തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഓരോ വർഷത്തേയും പ്രവൃത്തികൾ ഏറ്റെടുക്കേണ്ടത്.

എന്നാൽ സർക്കാരിന്റെ ആവർത്തിച്ചുള്ള നിർദ്ദേശമുണ്ടായിട്ടും റോഡ് കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കുന്നതിന് പ്രാരംഭ നടപടികൾ പോലും ഗ്രാമ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല എന്ന് വ്യക്തമാവുന്നു. ഇതിനായി പ്രത്യേക പ്ലാൻ തയ്യാറാക്കാനുള്ള ചീഫ് എഞ്ചിനീയറുടെ നിർദ്ദേശവും നടപ്പിലാക്കിയില്ല. കണക്റ്റിവിറ്റി പ്ലാനിന്റെ അഭാവത്തിൽ ഗ്രാമ പഞ്ചായത്തിൽ റോഡ് പ്രവൃത്തികളുടെ മുൻഗണനാക്രമം നിശ്ചയിച്ചിരുന്നുവോ, നിശ്ചയിച്ചിരുന്നുവെങ്കിൽ എന്തടിസ്ഥാനത്തിൽ തുടങ്ങിയ വിവരങ്ങൾ ലഭ്യമല്ല.

ദീർഘ വീക്ഷണത്തോടെ കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കി ഗ്രാമ പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും പ്രയോജനം ലഭിക്കു വിധം റോഡ് പ്രവൃത്തികൾക്ക് രൂപം നൽകേണ്ടതായിരുന്നു. ഇക്കാര്യത്തിൽ വികസന സ്റ്റാൻറിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നും സമയോചിത ഇടപെടലോ നിർദ്ദേശമോ ഉണ്ടായിട്ടില്ലെന്നത് വീഴ്ചയാണ്.

## 3-7 വി.സി ബി കൾക്ക് ചീർപ്പിടൽ- പ്രവൃത്തി പൂർത്തിയായില്ല.

വി.സി ബി കൾക്ക് ചീർപ്പിടുന്നതിനുള്ളതാണ് 199/18 പ്രോജക്ട്. ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ഏഴ് ലക്ഷം രൂപയും , തനത് ഫണ്ട് പത്ത് ലക്ഷവും ഉൾപ്പെടെ 17 ലക്ഷം രൂപയാണ് പ്രോജക്ടിനായി വകയിരുത്തിയത്. മുഹമ്മദ് .കെ എന്ന കരാറുകാരനാണ് പ്രവൃത്തി ഏറ്റെടുക്കുന്നത് . പഞ്ചായത്തിലെ പുന്നക്കാട്, കണ്ണത്ത്, സി.ടി, തരിശ് പള്ളിപ്പടി, കക്കറ, ചിറക്കൽ കുണ്ട്, കുട്ടത്തി, വാക്കോട് എന്നീ എട്ട് വി.സി.ബി കൾക്ക് ഷട്ടർ സ്ഥാപിക്കൽ, ഈ വി.സി.ബി കളിലെ ചെളി വാരി ഒഴിവാക്കൽ, സംരക്ഷണ ഭിത്തി നിർമാണം, ടോപ്പ് ബെൽട്ട് കമ്പി ഉപയോഗിച്ചുള്ള കോൺക്രീറ്റ് എന്നിവയാണ് പ്രധാന ഇനങ്ങൾ. പ്രവൃത്തികൾക്കായി 510356 രൂപ തനത് ഫണ്ടിൽ നിന്ന് പിൻവലിച്ച് 9186 രൂപ നികുതി ഇനത്തിലും 51035 രൂപ റിട്ടെൻഷൻ ഇനത്തിലും കുറവ് ചെയ്ത് കരാറുകാരന് തുക നൽകുകയും ചെയ്തിട്ടുണ്ട്.

പ്രവൃത്തിക്കായി സൈറ്റ് കൈമാറുന്നത് 20.12.2017 നാണ്. 87/20.12.2017 പ്രകാരം കരാർ വെച്ച പ്രവൃത്തിയുടെ പൂർത്തീകരണ കലാവധി ആറ് മാസമാണ്. പ്രോജക്ടിന്റെ ഭാഗമായി തരിശ് പള്ളിപ്പടി, കക്കറ വിസിബികൾക്ക് ചീർപ്പ് സ്ഥാപിച്ച് പാർട്ട് ബിൽ നൽകുന്നുണ്ട്.

ചീർപ്പുകൾ സ്ഥാപിക്കുന്നത് കാർഷിക ആവശ്യങ്ങൾക്ക് പ്രയോജനകരമാക്കുന്നതിനാണ്. എന്നാൽ പ്രവൃത്തിയുടെ ഫലം എത്ര കർഷകർക്ക്, എത്ര ഹെക്ടറിൽ ലഭ്യമാവുന്നു എന്ന് വ്യക്തമാക്കുന്ന ആയക്കെട്ട് സംബന്ധിച്ച യാതൊരു രേഖയും ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല. കൃഷി ഓഫീസറുടെ ഇടപെടലുകൾ , ശുപാർശ , നിർദ്ദേശങ്ങൾ എന്നിവ പ്രവൃത്തിക്കായി വിനിയോഗിച്ചതായും ഫയലിൽ നിന്ന് വ്യക്തമല്ല. ഭരണസമിതി മിനുട്സിലോ, വികസന സ്ഥിരം സമിതി മിനുട്സിലോ ആയത് സംബന്ധിസ്സ രേഖപ്പെടുത്തലുകളും വരുത്തിയിട്ടില്ല എന്ന് കാണുന്നു.

കാർഷിക സമിതികളുടെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിലുമല്ല പ്രവൃത്തി നിർവഹിച്ചത് എന്ന് വ്യക്തമാവുന്നു. മുൻവർഷങ്ങളിൽ സ്ഥാപിച്ച ചീർപ്പുകളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച പരാമർശവും എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടില്ല. മേൽ അപാകതകൾ പരിഹരിക്കേണ്ടതും വ്യക്തമായ രേഖകൾ ഹാജരാക്കേണ്ടതുമാണ്. എല്ലാ രേഖകളും അവസാന ബില്ലിനൊപ്പം ഹാജരാക്കേണ്ടതാണ്..

## 3-8 മരാമത്ത് പ്രവൃത്തികൾ - പൊതു അപാകതകൾ

2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ വിവിധ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം പരിശോധിച്ചതിൽ പദ്ധതി നടത്തിപ്പിൽ താഴെ കൊടുത്തിട്ടുള്ള അപാകതകൾ / വീഴ്ചകൾ സംഭവിച്ചതായി

കാണുന്നു.

1.സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല.

പ്രൊജക്ട് നിർവ്വഹണം ആദ്യാവസാനം വരെ വിഭാവനം ചെയ്ത തരത്തിൽ തന്നെയാണ് നടക്കുന്നതെന്ന് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് സമിതിയുടെ ചുമതലയാണ് . ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട ഓരോ പ്രൊജക്ടുകളും പ്രത്യേകം മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതുണ്ട്. എന്നാൽ മരാമത്ത് പ്രവർത്തികളുടെ മോണിറ്ററിംഗ് ഇപ്രകാരം നടത്തി റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാൽ അധിക ചെലവ് വരുന്നു. സ്പിൽഓവർ പ്രവൃത്തികൾ വർദ്ധിക്കുന്നു.

2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ സ്പിൽഓവർ ആയി ഉൾപ്പെടുത്തിയ പ്രവൃത്തികൾ തൻവർഷവും പൂർത്തീകരിച്ചിട്ടില്ല. സ്പിൽഓവർ പ്രൊജക്ടുകൾ സ്പിൽഓവർ ആയ അതേ വർഷം തന്നെ പൂർത്തീകരിക്കണമെന്ന ജി.ഒ.(എം.എസ്.) 72/ 2017/ത.സ്വ.ഭ.വ, തിയതി- 29-3-2017 നമ്പർ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം ഇവിടെ പാലിക്കപ്പെട്ടിട്ടില്ല.ഇപ്രകാരം മൂന്ന് സ്പിൽ ഓവർ പ്രോജക്ടുകൾ തൽവർഷവും പൂർത്തിയാക്കാനായില്ല എന്നത് ശ്രദ്ധയിൽ പെടുത്തുന്നു.

3. മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടിക്രമങ്ങളിൽ സുതാര്യതയില്ല.

2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ മിക്ക പ്രവൃത്തികളും കരാറുകാർ മുഖേനയാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. എല്ലാ ടെണ്ടർ പ്രവൃത്തികളിലും രണ്ടാൾ വീതമാണ് പങ്കെടുത്തിട്ടുള്ളത്. ഒരു പ്രവൃത്തിയിൽ ഒരാൾ എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ നൽകുമ്പോൾ മറ്റൊരുകരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അധികം രേഖപ്പെടുത്തുന്നു. അടുത്ത പ്രവൃത്തിയിൽ ഇതിന് വിപരീതമായിട്ടാണ് ടെണ്ടർ സമർപ്പിക്കുന്നത്. അല്ലെങ്കിൽ ഒരു ടെണ്ടറിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അധികവും അടുത്തത് .001% അല്ലെങ്കിൽ .01% കുറവും രേഖപ്പെടുത്തിയിരിക്കും. ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാർ സ്ഥാപനത്തിന് പുറത്ത് വെച്ച് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ധാരണയുണ്ടാക്കി ഒത്തുകളിക്കുന്നതായി മേൽ പറഞ്ഞവയിൽ നിന്നും വ്യക്തമാണ്. മത്സര സ്വഭാവമില്ലാത്ത ഇത്തരം ടെണ്ടർ നടപടി മൂലം പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ സുതാര്യത ഇല്ലാതാകുന്നു. ഇങ്ങനെയുള്ള അനാരോഗ്യകരമായ പ്രവണത ഒഴിവാക്കി മത്സരാധിഷ്ഠിത ടെണ്ടർ നടപടികൾ സ്വീകരിക്കാൻ ഭരണസമിതിയുടെ ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാവേണ്ടതാണ്. വികസന സ്ഥിരം സമിതിയുടെ സജീവ ഇടപെടൽ അനിവാര്യമായ മേഖലയാണിത് എന്ന് ഓർമിപ്പിക്കുന്നു. പഞ്ചായത്ത് വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നത് കരാറുകാരാണ് എന്ന അവസ്ഥ ഒഴിവാക്കേണ്ടതാണ്.

4. ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റോഡുകളിൽ കിലോമീറ്റർ / ഹെക്ടോമീറ്റർ കല്ലുകൾ സ്ഥാപിക്കണമെന്ന സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. ഇപ്രകാരം ചെയ്യാത്തതിനാൽ റോഡ് പ്രവൃത്തികളുടെ ചെയിനേജ് രേഖപ്പെടുത്തിയത് വസ്തുതാപരമാണോ എന്ന് പരിശോധിക്കാനാവുന്നില്ല.

5. പൊതു മരാമത്ത് പ്രവൃത്തികളിൽ അധികവും റോഡ് വർക്കുകളാണ്. സാധാരണയായി മുപ്പത് മീറ്റർ മാത്രമാണ് റോഡ് വർക്ക് ചെയ്ത് വരുന്നത്. എസ്റ്റിമേറ്റ് റിപ്പോർട്ടിലോ, എസ്റ്റിമേറ്റിലോ പ്രവൃത്തിയുടെ ചെയിനേജ് രേഖപ്പെടുത്തി വരുന്നില്ല. ചെയ്നേജ് രേഖപ്പെടുത്താതെ പ്രവൃത്തികൾ നിർവഹിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

6. വ്യാപകമായി റോഡ് കോൺക്രീറ്റിഗ് പ്രവൃത്തികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നു.ഐ.ആർ.സി. സ്പെസിഫിക്കേഷൻ പ്രകാരം റോഡ് പുനരുദ്ധാരണ പ്രവൃത്തിയിൽ മെറ്റലിംഗും ടാറിംഗുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. മെറ്റലിംഗും ടാറിംഗും പ്രായോഗികമല്ലാത്ത റോഡുകളിലാണ് കോൺക്രീറ്റിഗ് ആവശ്യമായി വരുന്നത്. ഇക്കാര്യം പരിഗണിക്കാതെ വ്യാപകമായി കോൺക്രീറ്റിഗ് പ്രവൃത്തികൾ ഏറ്റെടുക്കുന്നത് മൂലം കിലോമീറ്ററോളം നീളമുള്ള പഞ്ചായത്ത് റോഡുകളിൽ ഏതാനും മീറ്ററുകൾ മാത്രമേ ഓരോ വർഷവും പുനരുദ്ധരിക്കാൻ കഴിയുന്നുള്ളൂ . മാത്രമല്ല പദ്ധതിപ്പണം അധികം ചെലവഴിക്കേണ്ടതായും വരുന്നു. ഇത് ശരിയായ പ്രവണതയല്ല. വ്യാപകമായി റോഡ് കോൺക്രീറ്റിഗ് ചെയ്യുന്നത് നിരുത്സാഹപ്പെടുത്തേണ്ടതാണ്.

7. പ്രവൃത്തി നടക്കുന്ന സ്ഥലത്ത് ഡിസ്പ്ലേ ബോർഡ് പ്രദർശിപ്പിക്കുന്നില്ല.

നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച് പ്രവൃത്തിയുടെ പേര്, വർഷം, പ്രവൃത്തി നടത്തുന്ന കരാറുകാരന്റെ പേരും ഫോൺ നമ്പറും, എഞ്ചിനീയറുടെ പേരും ഫോൺ നമ്പറും, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധന സാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശമുള്ളതാണ്. എന്നാൽ ഈ നിർദ്ദേശം പ്രാവർത്തികമാക്കിയിട്ടില്ല.

8. 35 സ്പിൽ ഓവർ പ്രവൃത്തികളിൽ അധികവും റോഡ് വർക്കുകളാണ്. ഇവയെല്ലാം കൺവീനർ വർക്കുകളുമാണ്. ഇവയിൽ പതിമൂന്ന് പ്രവൃത്തികൾ ടാർ വർക്കുകളാണ്. എന്നാൽ ഒരു വർക്ക് ഫയലിലും ടാർ ബിൽ ഉള്ളടക്കം ചെയ്തിട്ടില്ല എന്ന് കാണുന്നു. ടാർ പഞ്ചായത്ത് വാങ്ങി നൽകുമെന്ന നിർദേശം ഉണ്ടായിട്ടും അപ്രകാരം ചെയ്തിട്ടില്ല. ടാറിന്റെ ഗുണനിലവാരം പരിശോധിക്കാതെ കൺവീനർമാർക്ക് തുക നൽകിയ രീതി ഭരണ സമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

മേൽ അപാകതകൾ സമയോചിതമായി പരിഹരിക്കാൻ വികസന സ്റ്റാന്റിംഗ് കമ്മറ്റി യഥാസമയം നിർദ്ദേശങ്ങൾ നൽകിയിട്ടില്ല. മരാമത്ത് പ്രവൃത്തികളുടെ ഗുണമേൻമ, സുതാര്യത, കൃത്യത എന്നിവ ഉറപ്പ് വരുത്തുന്നതിന് പ്രവൃത്തികളുടെ നിർവ്വഹണ ഘട്ടങ്ങളിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റി യാതൊരു ഇടപെടലും നടത്തുന്നില്ല എന്ന് വ്യക്തമാണ്. ഇത്തരം അപാകതകൾ ഒഴിവാക്കുന്നതിന് വികസന സ്റ്റാന്റിംഗ് കമ്മിറ്റി നിരീക്ഷിച്ച് സമയോചിത മാർഗ്ഗ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

## 3-9 കണ്ണത്ത് മിനി സ്റ്റേഡിയം നവീകരണം -ആസൂത്രണത്തിലെ പാളിച്ചകൾ

കണ്ണത്ത് മിനി സ്റ്റേഡിയം നവീകരണം എന്ന 189/18 നം.പ്രോജക്ട്, സ്റ്റേഡിയത്തിന് ചുറ്റും ഫെൻസിങ്ങ് ചെയ്യുന്നതിന് വേണ്ടിയുള്ളതാണ്.ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് നാല് ലക്ഷം രൂപയാണ് പ്രോജക്റ്റിനായി വകയിരുത്തിയത്.നാല് ലക്ഷം രൂപയാണ് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക. തുടർന്ന് ഭരണസമിതിയുടെ 1(3)/04.12.2017തീരുമാന പ്രകാരം എസ്റ്റിമേറ്റ് പുതുക്കുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി നിർവഹിച്ച കരാറുകാരന് ബിൽ 41/16.01.2018 പ്രകാരം തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

അളവ് പുസ്തകം 189/17-18 ൽ ചെയ്ത പ്രവൃത്തികൾ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രോജക്റ്റിന്റെ ഭാഗമായി GI പൈപ്പ് ഉപയോഗിച്ച് 52 പോസ്റ്റുകൾ കോൺക്രീറ്റ് ചെയ്ത് സ്ഥാപിച്ച് ഗ്രീൽ വർക്ക് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്.ഇപ്രകാരം 709.44 മീറ്റർ നീളത്തിൽ ഗ്രീൽ വർക്ക് ചെയ്തതായും രേഖപ്പെടുത്തിയിട്ടുണ്ട്.

2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ 06/16-17 പ്രോജക്റ്റിന്റെ ഭാഗമായി മുൻവർഷം ഇതേ പ്രവൃത്തിക്കായി രണ്ട് ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട് .മുൻ വർഷം ചെയ്ത പ്രവൃത്തി സംബന്ധിച്ച് യാതൊരു പരാമർശവും എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടില്ല. മുൻവർഷം ചെയ്ത പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കേണ്ടതും വർക്ക് ഫയൽ ഹാജരാക്കേണ്ടതും എന്ന് നിർദേശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് ഫയൽ ലഭ്യമാക്കി. മുൻ വർഷം ഗ്രൗണ്ടിന്റെ ഒരു ഭാഗത്ത് , പന്ത് പുറത്തേക്ക് പോവാതിരിക്കാനായി ജി.ഐ പൈപ്പ് ഉപയോഗിച്ച് ജി.ഐ നെറ്റ് സ്ഥാപിക്കുകയാണ് ചെയ്തത് എന്ന് വ്യക്തമായി.

പ്രോജകട് നിർവഹണത്തിന്റെ ഫലപ്രാപ്തി വിലയിരുത്തുന്നതിനായി ഓഡിറ്റ് ടീം പഞ്ചായത്തിലെ എ.ഇ യുടെ സാനിദ്ധ്യത്തിൽ മിനി സ്റ്റേഡിയം സന്ദർശിച്ചു. തൻ വർഷ പ്രോജക്റ്റ് പ്രകാരം ചെയ്ത പ്രവൃത്തികൾ പൂർത്തിയാക്കിയതായി വ്യക്തമായി. എന്നാൽ മുൻ വർഷം ചെയ്ത പ്രവൃത്തി ഫലപ്രദമായില്ല എന്ന് വ്യക്തമാവുന്നു. ചെയ്ത ഫെൻസിങ്ങ് വർക്ക് മറിഞ്ഞ് വീണ അവസ്ഥയിലാണ്. തൊട്ടടുത്ത ഇലക്ട്രിക്ക് പോസ്റ്റ് , അടുത്തുള്ള വീടുകളിലേക്കുള്ള സർവീസ് വയർ എന്നിവയിലേക്ക് മറിഞ്ഞ് വീഴുകയും , ഏത് സമയവും നിലം പൊത്തി , താഴെയുള്ള റോഡ് , വീടുകൾ എന്നിവക്ക് അപകടം വരുത്താവുന്ന അവസ്ഥയിലുമാണ്. ഫെൻസിങ്ങിന്റെ ഉയരം, അതിനായി ഉപയോഗിച്ച ഇരുമ്പ് നെറ്റിന്റെ കനം എന്നിവ പരിഗണിക്കാതെയാണ് പ്രവൃത്തി നിർവഹിച്ചിട്ടുള്ളത് എന്ന് വ്യക്തമാവുന്നു. വളരെ കനം കുറഞ്ഞ പൈപ്പുകളാണ് ഇതിനായി ഉപയോഗിച്ചിട്ടുള്ളത്. എഞ്ചിനീയറിങ്ങ് വിങ്ങിന്റെ അശ്രദ്ധയോടെയുള്ള ഇടപെടലുകളാണ് ഈ പ്രവൃത്തി പരാജയപെടാൻ ഇടയാക്കിയത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഫലപ്രദമായ രീതിയിൽ വികസന സ്ഥിരം സമിതി പ്രോജക്റ്റിന്റെ ഫലപ്രാപ്തി വിലയിരുത്തുകയോ, മോണിറ്ററിങ്ങ് നടത്തുകയോ ചെയ്തിട്ടില്ല എന്ന് വിലയിരുത്തുന്നു. പ്രോജക്റ്റിനായി ചെലവഴിച്ച രണ്ട് ലക്ഷം രൂപ പാഴ് ചെലവായി എന്ന് വ്യക്തമാണ്. കനം കുറഞ്ഞ പൈപ്പുകൾ ഉപയോഗിച്ച് വളരെ

ഉയരത്തിൽ പൈപ്പ് സ്ഥാപിച്ച് ഭാരമുള്ള നെറ്റ് സ്ഥാപിക്കാൻ ഇടയാക്കിയ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. പ്രോജക്ട് ലക്ഷ്യം കൈവരിക്കാതിരുന്നത് ഭരണസമിതിയുടെയും വികസന സ്ഥിരം സമിതിയുടെയും ശ്രദ്ധയിൽ പെടുത്തുന്നു.

കരാറുകാരനിൽ നിന്ന് പെർഫോർമൻസ് സെക്യൂരിറ്റി ഇനത്തിൽ തുക ഈടാക്കിയതായി ഫയലിൽ രേഖകൾ ഇല്ല എന്നതും ശ്രദ്ധയിൽ പെടുത്തുന്നു.

## 3-10 ക്രമ വിരുദ്ധമായി വാങ്ങലുകൾ ഓഡിറ്റ് അംഗീകരിക്കുന്നില്ല- വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി അംഗൻവാടികൾക്ക് കസേര, വാട്ടർ ടാങ്ക് എന്നിവ വാങ്ങി നൽകൽ (94/2018), അംഗൻവാടികൾക്ക് അഡൽറ്റ് വെയിംഗ് മെഷിൻ, ഫുഡ് കണ്ടയിനർ എന്നിവ വാങ്ങൽ (95/2018) എന്നീ പ്രൊജക്ടുകൾ നിർവ്വഹണം നടത്തിയിട്ടുണ്ട്. പ്രസ്തുത വാങ്ങലുകൾക്ക് വേണ്ടി 18.08.2017-ന് ടെണ്ടർ ക്ഷണിക്കുകയും, ലഭിച്ച ടെണ്ടറുകൾ ടാബുലേഷൻ സ്റ്റേറ്റ്മെന്റ് സഹിതം പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ അംഗീകാരത്തിനായി 18.09.2017- ന് സമർപ്പിച്ചിട്ടുണ്ട്. വാങ്ങലുകൾക്ക് അംഗീകാരം നൽകിയതിലും നിർവ്വഹണം നടത്തിയതിലും ചുവടെ ചേർത്തിട്ടുള്ള അപാകതയുണ്ട്.

1. വാങ്ങലുകൾക്ക് അംഗീകാരം നൽകിയത് ക്രമ പ്രകാരമല്ല.

വാങ്ങലുകൾക്ക് വേണ്ടി 18.08.2017-ന് ടെണ്ടർ ക്ഷണിക്കുകയും, ലഭിച്ച ടെണ്ടറുകൾ ടാബുലേഷൻ സ്റ്റേറ്റ്മെന്റ് സഹിതം പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ പരിഗണക്കായി 18.09.2017- ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ സമർപ്പിക്കുകയും ചെയ്തു. പഞ്ചായത്ത് ഭരണസമിതി 26.10.2017 -ന് നടന്ന അടിയന്തര യോഗത്തിലെ 1/1, 1/2 തീരുമാനങ്ങൾ പ്രകാരം തെരഞ്ഞെടുത്ത സ്ഥാപനത്തിന്റ വിവരമുൾപ്പടെ (വില സംബന്ധിച്ച വിവരവും ടാബുലേഷൻ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തി) വാങ്ങലുകൾക്ക് അംഗീകാരം നൽകി, തീരുമാനത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നിർവ്വഹണ ഉദ്യോഗസ്ഥക്ക് പഞ്ചായത്ത് സെക്രട്ടറി നൽകിയിട്ടുണ്ട്. എന്നാൽ പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ മിനുട്സ് പ്രകാരം 03.01.2018 -ൽ ചേർന്ന യോഗത്തിന്റെ 6,7,8 തീരുമാനങ്ങൾ പ്രകാരമാണ് പ്രസ്തുത വാങ്ങലുകൾക്ക് തീരുമാനമെടുത്തിട്ടുള്ളത് (മിനുട്സ് ബുക്ക് പേജ് 125,126,127).

2. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെയും പഞ്ചായത്ത് ഭരണ സമിതിയുടെയും തീരുമാനങ്ങൾക്ക് വിരുദ്ധമായി വാങ്ങൽ നടത്തി.

പഞ്ചായത്ത് ഭരണസമിതിയുടെ 26.10.2017 -ന് നടന്ന അടിയന്തര യോഗത്തിലെ 1/1 തീരുമാന പ്രകാരം ടാബുലേഷൻ സ്റ്റേറ്റ്മെന്റിൽ ഏറ്റവും കുറഞ്ഞ നിരക്കിൽ ക്വാട്ട് ചെയ്ത വിക്ടോറിയ പോളിഫോം [ISO Tank Triveni, Ocean (Rs- 3.2/ liter, including GST)] എന്ന സ്ഥാപനത്തിൽ നിന്നും വാട്ടർ ടാങ്ക് വാങ്ങുന്നതിനാണ് അനുമതി നൽകിയത്. എന്നാൽ അതേ സ്ഥാപനത്തിൽ നിന്നും കൂടിയ നിരക്കിലാണ് ടാങ്ക് വായിട്ടുള്ളത്. ആകെ 39 എണ്ണം ടാങ്കുകളാണ് വാങ്ങിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | അംഗൻവാടികൾക്ക് കസേരയും വാട്ടർ ടാങ്ക് വാങ്ങി നൽകൽ (94/2018) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| സ്റ്റാന്റിംഗ് കമ്മറ്റി | ക്ഷേമകാര്യം |
| അടങ്കൽ | 4,45,000 (വികസന ഫണ്ട്- ജനറൽ) |
| ചെലവ് | 3,76,750 |
| നൽകിയ തുക | 1,26,750 (39x3250)<br>ഇൻവോയ്സ് നം.വി.പി.എഫ്/3386/17-18/24-1-18 |

| | |
|---|---|
| നൽകാവുന്ന തുക- Rs- 3.2/ liter (GST ഉൾപ്പടെ) | 62400 (3.2 x 500 L x 39) |
| അധികം | 64,350/- |

മേൽ അപാകത ശ്രദ്ധയിൽപ്പെടുത്തി ഐ.സി.ഡി.എസ് സൂപ്പവൈസർക്ക് ലഭ്യമാക്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഗുണമേൻമ കൂടിയ വാട്ടർ ടാങ്ക് വാങ്ങിയതിനാലാണ് അധിക തുക നൽകേണ്ടിവന്നതെന്ന് അറിയിച്ചിട്ടുണ്ട്. വാങ്ങുന്ന സാധനത്തിന്റെ വില, ഗുണമേൻമ എന്നിവ പരിശോധിക്കേണ്ടതിന്റെയും തീരുമാനമെടുക്കേണ്ടതിന്റെയും ചുമതല പ്രൊക്യൂർമെന്റ് കമ്മറ്റിക്കാണ്.

ഓഡിറ്റ് പരാമർശങ്ങൾ.

1. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ തീരുമാനത്തിനും, ശുപാർശക്കും മുൻപ് വാങ്ങൽ സംബന്ധിച്ച് പഞ്ചായത്ത് ഭരണ സമിതി തീരുമാനമെടുത്തത് ക്രമപ്രകാരമല്ല. GO(MS)No.259/2010/LSGD dated 08.11.2010 ഉത്തരവ് പ്രകാരം പഞ്ചായത്തിലെ വാങ്ങലുകൾ സംബന്ധിച്ച് സാധനങ്ങളുടെ വിലയും ഗുണനിലവാരവും പ്രൊക്യൂർമെന്റ് കമ്മറ്റി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് വാങ്ങൽ സംബന്ധിച്ച് പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുക്കേണ്ടത്. എന്നാൽ മേൽ നടപടി ക്രമങ്ങളൊന്നും പാലിക്കപ്പെടാതെയാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളത്. വാങ്ങലുകൾ സംബന്ധിച്ച് പ്രൊക്യൂർമെന്റ് കമ്മറ്റി കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലെന്നും, വാങ്ങലുകൾ ക്രമപ്രകാരമല്ലെന്നും ഓഡിറ്റ് വിലയിരുത്തുന്നു. പ്രസ്തുത വിഷയത്തിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
2. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെയും പഞ്ചായത്ത് ഭരണ സമതിയുടെയും തീരുമാനങ്ങൾക്ക് വിരുദ്ധമായി വാങ്ങൽ നടത്തിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. അധികം ചെലവഴിച്ച തുക നിർവ്വഹണ ഉദ്യോഗസ്ഥയുടെ [ഐ.സി.ഡി.എസ് സൂപ്പർവൈസർ] ബാധ്യതയായി കാണുന്നു. വിശദീകരണവും ആയതിന്മേൽ പഞ്ചായത്ത് ഭരണ സമിതിയുടെ വ്യക്തമായ അഭിപ്രായം ലഭ്യമാക്കേണ്ടതാണ്.

[അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് സെക്രട്ടറിക്കും ഐ.സി.ഡി.എസ്.സൂപ്പർവൈസർക്കും ഓഡിറ്റ് എൻക്വയറി (എൻക്വയറി നമ്പർ 05/25.07.2018) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല]

## 3-11 അമൃതം ന്യൂട്രിമിക്സ് പർച്ചേസ്- അധിക നിരക്കിൽ GST നൽകി- പഞ്ചായത്ത് ഫണ്ടിന് 22703/- രൂപയുടെ നഷ്ടം.

| | |
|---|---|
| പ്രൊജക്റ്റ് | : അംഗനവാടി പോഷകാഹാരം എസ്.സി (85/2018) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : ഐ.സി.ഡി.എസ് സൂപ്രവൈസർ |
| സ്റ്റാന്റിംഗ് കമ്മറ്റി | : ക്ഷേമകാര്യം |
| അടങ്കൽ | : 6,00,000/- |
| ചെലവ് | : 1,99,486/- Bill No. 08/2017-18, 12.01.2018 |

കുടുംബശ്രീ സ്ഥാപനമായ "Healthy & Swathish" ന്യൂട്രിമിക്സ്, കാളികാവ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് അംഗനവാടികളിലൂടെ വിതരണം ചെയ്യുന്നതിനുള്ള പോഷകാഹാരം (അമൃതം ന്യൂട്രിമിക്സ്) വാങ്ങിയിട്ടുള്ളത്. GO(MS)No. 1450/2018 LSGD, Dtd 25.05.2018 ഉത്തരവ് പ്രകാരം 01.11.2017 മുതൽ അമൃതം ന്യൂട്രിമിക്സിന്റെ ജി എസ് ടി 5% ആക്കി പുനർനിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ താഴെ ചേർത്ത ബില്ലുകൾ പ്രകാരം അധിക നിരക്കിൽ (18%) ജി എസ് ടി നൽകിയത് മൂലം 22703/- രൂപയുടെ നഷ്ടം പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Invoice No & Date | Bill No & Date | അനുവദിച്ച നികുതി | അനുവദിക്കാവുന്ന നികുതി | അധികം |
|---|---|---|---|---|
| 1/ 02.11.2017 | 08/2017-18, 12.1.18 | 31436 | 8733 | 22703 |

ജി.എസ്.ടി ഇനത്തിൽ അധികം നൽകിയ തുക ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

*[എൻക്വയറി നമ്പർ 02/23.07.2018- ലഭ്യമാക്കിയ മറുപടിയിൽ ജി.എസ്.ടി ഇനത്തിൽ അധികം നൽകിയ തുക*

*ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കുമെന്ന് അറിയിച്ചിട്ടുണ്ട്]*

## 3-12 ലൈഫ് പദ്ധതി- നിർവ്വഹണത്തിലെ അപാകതകൾ

| | | |
|---|---|---|
| പ്രൊജക്റ്റ് | ലൈഫ് ഭവനം പണിപൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം (പ്രൊ.നം. 211/18) | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | |
| സ്റ്റാന്റിംഗ് കമ്മറ്റി | ക്ഷേമകാര്യം | |
| അടങ്കൽ | 2128888 (വികസന ഫണ്ട്- ജനറൽ) | |
| ചെലവ് | Bill No. 13/19.01.2018 (ഭാഗികം) | 200000 |
| | Bill No. 25/20.02.2018 (ഭാഗികം) | 400000 |
| | Bill No. 44/31.03.2018 (ഭാഗികം) | 400000 |
| | Bill No. 04/28.05.2018 (ഭാഗികം) | 400000 |
| | ആകെ | 1400000 |

മേൽ പ്രൊജക്റ്റ് പ്രകാരം ലൈഫ് ഭവനം പദ്ധതിയിൽ ഉൾപ്പെടുത്തി 1. ശ്രീ. വാസു S/o കൊച്ചുമാനൻ, ചേരിയിൽ (വീട്) കൽകുണ്ട്, 2. ശ്രീ. ചന്ദ്രൻ S/o കാടൻ, ചേരിയിൽ (വീട്) കൽകുണ്ട് എന്നീ ഗുണഭോക്താക്കൾക്ക് (പട്ടികവർഗ്ഗം) വീട് പണി പൂർത്തീകരിക്കുന്നതിന് 7,00,000/- രൂപ വീതം നൽകിയിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കൾ 2007-08 വർഷത്തിൽ പഞ്ചായത്തിന്റെ ഭവന പദ്ധതിയിൽ എഗ്രിമെന്റ് വെച്ചതും, 1,00,000/-രൂപ യൂണിറ്റ് കോസ്റ്റിൽ 85,276/- രൂപ വീതം കൈപ്പറ്റിയവരുമാണ്. പഞ്ചായത്ത് അസി. എൻജിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് (DSR 2016, Cost Index 37.25%, PRICE EST No:2018/2428) പ്രകാരം ഒരു വീടിന് 7,00,000/- രൂപയാണ് കണക്കാക്കിയിട്ടുള്ളത്. മേൽ പ്രൊജക്റ്റിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

<u>അപാകതകൾ.</u>

1. GO(MS)No.196/2017 LSGD Dated 11.10.2017 ലെ ഖണ്ഡിക IV(1) പ്രകാരം അവസാന ഗഡു മുൻകൂർ നൽകാൻ പാടില്ല. 30 ഇനം ഉൾപ്പെടുന്ന പ്രസ്തുത പ്രവൃത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി. എൻജിനീയറോ, ആയത് പരിശോധിക്കുന്നതിന് ക്ഷമതയുള്ള ഉദ്യോഗസ്ഥനോ മൂല്യ നിർണ്ണയം നടത്തിയിട്ടില്ല.

   മേൽ സംഗതികളൊന്നും പരിഗണിക്കാതെ നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകി മുഴുവൻ തുകയും അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. ഓഡിറ്റിന്റെ ഭാഗമായി വി.ഇ.ഒ, ഓവർസിയർ എന്നവരുടെ സാനിധ്യത്തിൽ നടത്തിയ സ്ഥല പരിശോനയിൽ (25.07.2018-ന്) ശ്രീ. വാസു ചേരിയിൽ എന്നിവരുടെ വീടിന്റെ ഫ്ലോളോറിംഗ് പ്രവൃത്തിയും ശ്രീ. ചന്ദ്രൻ ചേരിയിൽ എന്നിവരുടെ വീടിന്റെ പ്ലാസ്റ്ററിംഗ് പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണ്. രണ്ട് പ്രവൃത്തികളിലും എസ്റ്റിമേറ്റ് പ്രകാരമുള്ള പണികൾ പൂർത്തീകരിച്ചിട്ടില്ലെന്ന് ബോധ്യപ്പെട്ടു. എസ്റ്റിമേറ്റ് പ്രകാരമുള്ള പണികൾ പൂർത്തീകരിക്കാതെ മുഴുവൻ തുകയും [14,00,000/- രൂപയും (2*700000)] അനുവദിച്ചു

2. ഓവർ ഹെഡ് ചാർജ് (7.5%) ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ ടി തുക കുറവ് വരുത്താതെ മുഴുവൻ തുകയും അനുവദിച്ചു.

മേൽ അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് [ഓഡിറ്റ് എൻക്വയറി നമ്പർ 6/26.07.2018] ലഭ്യമാക്കിയ മറുപടിയിൽ ലൈഫ് പദ്ധതിയുടെ മാർഗ്ഗരേഖയിൽ പ്രവൃത്തി മൂല്യനിർണ്ണയം നടത്തണമെന്ന് പറയുന്നില്ലെന്നും കൂടാതെ വീടുകളുടെ പണി അടിയന്തരമായി തീർപ്പാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

<u>ഓഡിറ്റ് പരാമർശങ്ങൾ.</u>

1. എസ്റ്റിമേറ്റ് പ്രകാരമുള്ള പണികൾ പൂർത്തീകരിക്കാതെ മുഴുവൻ തുകയും അനുവദിച്ചത് ക്രമപ്രകാരമല്ല. എസ്റ്റിമേറ്റ് പ്രകാരമുള്ള പണികൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതും,

ചെയ്യാത്ത പ്രവൃത്തികൾക്ക് തുക അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതുമാണ്.

2. GST, IT, ക്ഷേമനിധി എന്നിവ അടവാക്കുന്നതിനാണ് ഓവർ ഹെഡ് ചാർജ് (7.5%) എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആയത് ഗുണഭോക്താവിന് അനുവദിച്ചത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. പ്രസ്തുത തുക 1,05,000/- രൂപ [2x (7,00,000x7.5%)] ഉത്തരവാദികളിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-13 മരുന്നുകൾ ലഭ്യമാക്കുന്നതിന് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

പരിരക്ഷക്ക് മരുന്നും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് KMSCL -ലും, ഹോമിയോ ആശുപത്രിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിന് Homco, ആലപ്പുഴയിലും യഥാക്രമം 200000, 250000 രൂപകൾ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ (20.07.2018) മുഴുവൻ തുകക്കുള്ള മരുന്നുകളും ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് | പരിരക്ഷക്ക് മരുന്നും അനുബന്ധ സാമഗ്രികളും വാങ്ങൽ (156/18) | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ (92/2018) |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (CHC) | മെഡിക്കൽ ഓഫീസർ (Homeo) |
| സ്റ്റാന്റിംഗ് കമ്മറ്റി | ആരോഗ്യവും വിദ്യാഭ്യാസവും | ആരോഗ്യവും വിദ്യാഭ്യാസവും |
| അടങ്കൽ | 200,000/- | 250,000/- |
| ബിൽ നമ്പർ | 07/2017-18, 31.01.2018 | 01/2017-18, 19.10.2017 |
| കുറിപ്പ് | 1. 200000/- രൂപയുടെ മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു. | 2. 60665/- രൂപയുടെ മരുന്നുകൾ ലഭിച്ചു.<br>3. 189435/- രൂപയുടെ മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു. |

മരുന്നുകൾ ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കത്ത് നൽകുന്നതുൾപ്പടെയുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രൊജക്ടുകളുടെ മോണിറ്ററിംഗിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മറ്റിയും കാര്യക്ഷമമായി ഇടപെടേണ്ടതാണ്.ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകൾക്കു നൽകിയ തുക തടസ്സം ചെയ്യുന്നു.

## 3-14 പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ (158/2018)

| | |
|---|---|
| പ്രൊജക്ട് | :പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ (158/2018) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | :മെഡിക്കൽ ഓഫീസർ (CHC) |
| സ്റ്റാന്റിംഗ് കമ്മറ്റി | :ആരോഗ്യ വിദ്യാഭ്യാസം |
| അടങ്കൽ | :2,00,000/- (തനത് ഫണ്ട്) |
| ചെലവ് | :119730/- Chq No. 1531849/19.10.2017<br>:80270/- Chq No. 2057120/22.02.2018 |

പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ (158/2018) എന്ന പ്രൊജക്ട് പ്രകാരം പഞ്ചായത്ത് പരിധിയിൽ നിന്നും ശേഖരിച്ച വെള്ളത്തിന്റെ സാമ്പിളുകൾ വാട്ടർ അതോറിറ്റിയുടെ മലപ്പുറം ഓഫീസിലേക്ക് പരിശോധനക്ക് അയക്കുകയും, ആയതിന് വാഹന വാടക ഇനത്തിൽ KL.58.C1526 നമ്പർ ഓട്ടോ റിക്ഷയുടെ ഉടമയായ ശ്രീ. രാജൻ പി, മൂർഖൻ ഹൌസ്, തരിശ് എന്നയാൾക്ക് 2850/- രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്ര.ന | വൌച്ചർ നമ്പർ | തുക |
|---|---|---|

| | | |
|---|---|---|
| 01 | 09/2017-18 dated 15.04.2017 | 600 |
| 02 | 17/2017-18 dated 29.04.2017 | 800 |
| 03 | 24/2017-18 dated 12.05.2017 | 600 |
| 04 | 59/ 2017-18 dated 17.07.2017 | 600 |
| 05 | 91/ 2017-18 dated 25.01.2018 | 250 |
| ആകെ | | 2850 |

എന്നാൽ പ്രസ്തുത വാഹനത്തിന്റെ രജിസ്ട്രേഷൻ വിവരങ്ങൾ മോട്ടോർ വാഹന വകുപ്പിന്റെ വെബ്സൈറ്റിൽ പരിശോധിച്ചതിൽ ( KL.58.C1526) ആയത് ശ്രീ. റാഷിദ് എന്നയാളുടെ ഉടമസ്ഥതയിലുള്ള BAJAJ AUTO LTD -യുടെ BAJAJ PULSAR-150 മോട്ടോർ സൈക്കിൾ ആണെന്ന്ബോധ്യപ്പെട്ടു. വൌച്ചറുകളുടെ ആധികാരിത ബന്ധപ്പെട്ട മോണിറ്ററിംഗ് കമ്മറ്റികൾ പരിശോധിക്കേണ്ടതാണ്. മേൽ പരാമർശം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

*(ഓഡിറ്റ് എൻക്വയറി നമ്പർ 04/24.07.2018)*

## 3-15 ജീവിത ശൈലി രോഗ നിയന്ത്രണം (248/2018)

പ്രൊജക്റ്റ് : ജീവിത ശൈലി രോഗ നിയന്ത്രണം (248/2018)

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (CHC)

സ്റ്റാന്റിംഗ് കമ്മറ്റി : ആരോഗ്യ വിദ്യാഭ്യാസം

അടങ്കൽ : 50,000/- (തനത് ഫണ്ട്)

ചെലവ് : 50,000/- Chq No. 2057122/08.03.2018

ജീവിത ശൈലി രോഗ നിയന്ത്രണം (248/2018) എന്ന പ്രൊജക്റ്റ് പ്രകാരം 20.02.2018-ന് പഞ്ചായത്ത് ടൗൺ ഹാളിൽ കിഡ്നി രോഗ നിർണ്ണയ ക്യാമ്പ് നടത്തിയിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്ര.ന | വിവരണം | തുക |
|---|---|---|
| 01 | പ്രിന്റിംഗ് | 27850 |
| 02 | ലൈറ്റ് & സൌണ്ട്സ് | 5400 |
| 03 | ജീപ്പ് വാടക | 2200 |
| 04 | സ്റ്റേഷനറി | 4250 |
| 05 | ചായ/ പലഹാരം | 10300 |
| ആകെ | | 50000 |

പ്രൊജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ.

1. കിഡ്നി രോഗ നിർണ്ണയ ക്യാമ്പ് നടത്തിയ സ്ഥാപനത്തിന്റെ വിവരം, എത്ര പേർക്ക് കിഡ്നി സംബന്ധമായ രോഗങ്ങൾ സ്ഥിരീകരിച്ചു എന്നീ അടിസ്ഥാന വിവരങ്ങൾ മോണിറ്ററിംഗ് റിപ്പോർട്ടിൽ ലഭ്യമല്ല.
2. ഫ്ലക്സുകൾ, ബോർഡുകൾ കൂടാതെ 5000 കാർഡുകൾ 166 വളന്റിയർമാർ മുഖേന വീടുകളിൽ എത്തിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ക്യാമ്പിൽ 80 പേർ മാത്രമാണ് പങ്കെടുത്തിട്ടുള്ളത്.
3. GO(MS)No.259/2010/LSGD dated 08.11.2010 ഉത്തരവ് പ്രകാരം 5000 രൂപക്ക് മുകളിൽ ക്വട്ടേഷൻ ആവശ്യമാണ്. എന്നാൽ ക്വട്ടേഷൻ കൂടാതെ പ്രിന്റിംഗ് പ്രവർത്തികൾ ഭാഷ പ്രിന്റിംഗ് ഹൌസ്, തുവ്വൂർ എന്ന

സ്ഥാപനത്തിന് നൽകി. കൂടാതെ ഫ്ലക്സുകൾ പ്രിന്റ് ചെയ്യുന്നതിന് സ്ഥാപനത്തിന് വളരെ ഉയർന്ന നിരക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഉദാഹരണം

| ഫ്ലക്സുകൾ (size) | നൽകിയ തുക | ലോക്കൽ റേറ്റ്<br>(പരമാവധി Rs 15/-Sq.f ) |
|---|---|---|
| 7"x3" (10 Nos)<br>= 21 Sq.f (ബാനർ) | 800x10= 8000 | 315x15= 4725 |

മേൽ അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതിയുടെ നിർവ്വഹണത്തിൽ ക്രിയാത്മകമായി ഇടപെടേണ്ടതും നിർവ്വഹണത്തിന് ശേഷം പ്രസ്തുത പ്രൊജക്ടിന്റെ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതുമാണ്.

*(ഓഡിറ്റ് എൻക്വയറി നമ്പർ 03/24.07.2018)*

## 3-16 ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

1.സമഗ്ര വിദ്യാഭ്യാസ പദ്ധതി.
നിർവ്വഹണ ഉദ്യോഗസ്ഥൻ: ഹെഡ്മാസ്റ്റർ, ജി.യു.പി.എസ്., പഴയടക്കൽ

പ്രൊ. നം. 105/18:സമഗ്ര വിദ്യാഭ്യാസ പദ്ധതി.

1.ചെക്ക് നമ്പർ-1531857 dtd 11.12.2017 RS.2,76,983

2.ചെക്ക് നമ്പർ-2057133 dtd 27.03.2018 RS.90,000

3.ചെക്ക് നമ്പർ-2057112 dtd 27.01.2018 RS.233000

സമഗ്ര വിദ്യാഭ്യാസ പദ്ധതി എന്ന പ്രൊജക്ട് ഇനത്തിലുള്ള ചെലവുകൾ താഴെ പറയുന്നവയാണ്

| ക്രമ നമ്പർ | ചെലവിനം | തുക |
|---|---|---|
| 1 | സ്കൂളുകൾക്ക് steel wall cabinet,,table എന്നിവ നൽകൽ | 276983 |
| 2 | സ്കൂളുകൾ ലൈബ്രറികൾക്ക് പുസ്തകം നൽകൽ | 90000 |
| 3 | പിന്നോക്ക പരിശീലനം,LSS/USS പരീക്ഷാ പരിശീലനം | 199000 |
| 4 | സ്കൂളുകൾക്ക് സ്റ്റേഷനറി സാധനങ്ങൾ നൽകൽ | 34000 |
| ആകെ | | 599983 |

സബ്സിഡി മാർഗ്ഗ രേഖ സ.ഉ(എം,എസ്)നമ്പർ.80/2017ത.സ്വ.ഭ.വ തീയതി.03.04.2017,ഖണ്ഡിക നമ്പർ 21(2) പ്രകാരം എല്ലാ സ്കൂളുകളിലും 40 പെൺകുട്ടികൾക്ക് 1 യൂറിനൽ 80 ആൺകുട്ടികൾക്ക് 1 യൂറിനൽ എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് വരുത്തേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എല്ലാ സ്കൂളുകളിലും ഇത്തരത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പു വരുത്തിയതിനു ശേഷമാണോ വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയിൽ വരുന്ന ക്രമ നമ്പർ-3 പദ്ധതി നടപ്പിലാക്കിയത് എന്ന വിവരം അറിയിക്കേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറിക്ക് ആവശ്യത്തിന് ടോയ് ലറ്റ് സൗകര്യമുണ്ടെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കേണ്ടതും മാർഗ്ഗരേഖപ്രകാരം മാത്രം തുക ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. സ്കൂളുകളിൽ നിന്നും പഠനത്തിൽ ഉന്നത നിലവാരം പുലർത്തുന്ന കുട്ടികളെ തരഞ്ഞെടുത്ത് ആണ് എൽ.എസ്.എസ്./യു.എസ്.എസ്. പരീക്ഷക്ക് ഇരുത്തുന്നത്. ഇങ്ങനെ തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് സ്കൂൾ പി.ടി.എ.കൾ മത്സര സ്വഭാത്തോടെ പരിശീലനം

നൽകുന്നു. ഈ കുട്ടികൾക്ക് പരിശീലനം നൽകുന്നതിന് പൊതുഫണ്ട് ചെലവഴിച്ചത് ക്രമത്തിലല്ല. അടിസ്ഥാന വിദ്യാഭ്യാസ പുരോഗതിയല്ല ഈ പദ്ധതിയിൽ നടക്കുന്നത്. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് നൽകിയ പരിശീലനമല്ലാത്തതിനാലും ഉന്നത പഠന നിലവാരത്തിലുള്ള വിദ്യാർത്ഥികൾക്ക് നൽകിയ പരിശീലനമായതിനാലും ഇതിനായി ചെലവഴിച്ച തുക അംഗീകരിക്കുന്നില്ല. തുക നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി കാണുന്നു.

<u>3.പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ നൽകൽ.</u>

പ്രൊ. നം. 113/18:പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ നൽകൽ.

1. ബിൽ നം 4/17/19-10-17 ,RS.2,50,000

2. ബിൽ നം 5/18/12-02-18 ,RS.25,000

പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ നൽകൽ എന്ന പ്രൊജക്റ്റ് ഇനത്തിൽ Kerala Small Industries Development Corporation Limited ൽ നിന്നും55 വിദ്യാർത്ഥികൾക്ക് 5000/-രൂപ നിരക്കിൽ 55 Armless chair,,55 Study Tableഎന്നിവ വാങ്ങി നൽകിയിട്ടുണ്ട്, ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടുണ്ടെങ്കിലും ലിസ്റ്റിന് ഗ്രാമ സഭയിൽ നിന്നും സാധൂകരണം വാങ്ങിയിട്ടില്ല.കൂടാതെ പട്ടികജാതി വികസന വകുപ്പിൽ നിന്നുള്ള സർട്ടിഫിക്കറ്റും ഹാജരാക്കിയില്ല. അർഹതപ്പെട്ട ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

<u>4.രജിസ്റ്റേർഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം</u>

പ്രൊ. നം. 169/18:രജിസ്റ്റേർഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം

ബിൽ നം. 8/-18 dtd 31.03.2018 RS. 38,000

രജിസ്റ്റേർഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം എന്ന പ്രൊജക്റ്റ് ഇനത്തിൽ 38 Ball,38 Bat എന്നിവ വാങ്ങിയിട്ടുണ്ട്. 17 ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം ചെയ്തതിട്ടുണ്ട് .7.03.2018ലെ പഞ്ചായത്ത് തീരുമാനം 1(2) പ്രകാരം 19 ക്ലബ്ബുകൾക്ക് ആനുകൂല്യം വിതരണം ചെയ്യാൻ തീരുമാനിച്ചതായി അറിയുന്നു. 2 ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം ചെയ്തിട്ടില്ല.രജിസ്റ്റേർഡ് ക്ലബ്ബ് അല്ലാത്തത് കൊണ്ടാണ് വിതരണം ചെയ്യാത്തതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.വിതരണം ചെയ്യാത്തതിന്റെ വിനിയോഗവിവരം അറിയിക്കേണ്ടതാണ്.

## 3-17 <u>പകൽ വീട് നിർമ്മാണം - ലക്ഷ്യം കൈവരിച്ചില്ല.</u>

പകൽ വീട് നിർമ്മാണം എന്ന പേരിൽ രണ്ട് പ്രോജക്ടിന് തൽവർഷം തുക നൽകുന്നുണ്ട്.ഒരു സ്പിൽ ഓവർ പ്രോജക്ടും ഒരു പുതിയ പ്രോജക്ടും 31/18എന്ന സ്പിൽ ഓവർ പ്രോജക്ടിന് 8 ലക്ഷം രൂപ പ്ലാൻ വിഹിതം (ജനറൽ) വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ടെണ്ടറിൽ പ്രവൃത്തി എസ്റ്റിമേറ്റ് നിരക്കിൽ മുഹമ്മദ്.കെ എന്ന കരാറുകാരൻ ഏറ്റെടുക്കുകയും ചെയ്തു. കരാർ വെക്കുകയും വർക്കുകൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.ബിൽ നമ്പർ 24/20.07.2017 പ്രകാരം കരാറുകാരന് തുക നൽകുകയും ചെയ്തിട്ടുണ്ട്. 121/16-17 അളവ് പുസ്തകത്തിൽ ചെയ്ത വർക്കുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. 12 പില്ലറുകൾ സ്ഥാപിച്ച് കെട്ടിടത്തിന്റെ മെയിൽ സ്ലാബിന്റെ വർക്കുകൾ പൂർത്തിയാക്കുന്നുണ്ട്.

തൻവർഷ പ്രൊജക്ടായ 177/2018 പ്രോജക്ടിന് 4 ലക്ഷം രൂപ പ്ലാൻ വിഹിതം (ജനറൽ) വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ടെണ്ടറിൽ പ്രവൃത്തി എസ്റ്റിമേറ്റ് നിരക്കിൽ കരാറുകാരനായ മുഹമ്മദ്.കെ എന്ന കരാറുകാരൻ ഏറ്റെടുക്കുകയും ചെയ്തു. കരാർ വെക്കുകയും വർക്കുകൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.ബിൽ നമ്പർ 113/16.01.2018 പ്രകാരം കരാറുകാരന് തുക നൽകുകയും ചെയ്തിട്ടുണ്ട്. 63/17-18 അളവ് പുസ്തകം പ്രകാരം ഈ പ്രോജക്ടിന്റെ ഭാഗമായി പാർട്ടീഷൻ വാൾ, ജനൽ, വാതിൽ, ഫ്ളോർ കോൺക്രീറ്റ്, പ്ലാസ്റ്ററിങ്ങ്, ജനൽ വാതിൽ ഫിറ്റിങ്ങ്സ് എന്നിവയും മേൽക്കൂര ഷീറ്റിടലും പൂർത്തിയാക്കിയിട്ടുണ്ട്.

1173950 രൂപ കെട്ടിട നിർമാണത്തിനായി രണ്ട് പ്രോജക്ടുകളിലായി ഇത് വരെ ഗ്രാമ പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. പദ്ധതി വിഹിതം ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടം ലക്ഷ്യം കൈവരിക്കേണ്ടതുണ്ട്.ആയതിനു പദ്ധതി തയ്യാറാക്കുമ്പോൾ കെട്ടിടം ഉപയോഗപ്രദമാകുന്ന രീതിയിൽ വൈദ്യുതീകരണം, സാനിറ്ററി വർക്കുകൾ ഉൾപ്പെടെ

എല്ലാ പ്രവൃത്തികളും ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കണം എന്ന പദ്ധതി മാർഗ്ഗരേഖനിർദ്ദേശം പാലിച്ചിട്ടില്ല. കെട്ടിടം ഉപയോഗപ്രദമാക്കുന്നതിനുള്ള പ്രായോഗിക സമീപനങ്ങൾ വികസന കാര്യ സമിതിയിൽ ചർച്ച ചെയ്തതായി കാണുന്നില്ല. തീരുമാനങ്ങൾ ഒന്നും മിനുറ്റ്സിൽ രേഖപ്പെടുത്തിയിട്ടുമില്ല.

പ്രോജക്ട് ലക്ഷ്യം കൈവരിക്കാൻ ഭരണസമിതി/ സ്റ്റാന്റിങ്ങ് കമ്മിറ്റി എടുത്ത തീരുമാനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ചെലവഴിച്ച തുക ഉപയോഗപ്രദമാക്കാൻ ഭരണസമിതിയുടെ ജാഗ്രത അനിവര്യമാണ്.

## 3-18 പർച്ചേസ് കമ്മിറ്റി അറിയാതെ വാങ്ങലുകൾ നടത്തുന്നു.

മൃഗാശുപത്രിക്ക് കമ്പ്യൂട്ടർ ,ഇൻവർട്ടർ, ചെയർ, പ്രിന്റർ (വെറ്റനറി സർജൻ നടത്തിയ 2 പ്രൊജക്ടുകൾ )എന്നിവ വാങ്ങുന്നതിന് തൻ വർഷം രണ്ട് പ്രോജക്ടുകൾ ഉണ്ട്. നം.141/18 പ്രോജക്ട് ലാപ് ടോപ്പ് , ഇൻവർട്ടർ, റിവോൾവിങ്ങ് ചെയർ എന്നിവ വാങ്ങുന്നതിനാണ്. 75000 രൂപ പ്ലാൻ വിഹിതവും 15000 രൂപ തനത് ഫണ്ടും വകയിരുത്തിയ പ്രോജക്ടിൽ വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പ്രിന്റർ വാങ്ങുന്നതിനായുള്ള നം.260/18 പ്രോജക്ടിന് വകയിരുത്തിയത് 15000 രൂപയാണ്. 14990 രൂപ ചെലവ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

ഹാജരാക്കിയ ഫയലുകൾ പരിശോധിച്ച് , വെറ്റിനറി സർജൻ നടത്തിയ പർച്ചേസുകളിലെ അപാകത താഴെ കൊടുക്കുന്നു.

1-മൃഗാശുപത്രിക്ക് ഇലക്ട്രോണിക്ക് സാധനങ്ങൾ വാങ്ങുന്നതിന് 2016-17 വർഷം 142/17 പ്രോജക്ടിൽ ഇരുപതിനായിരം രൂപ വകയിരുത്തുകയും 19900 രൂപ ചെലവ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ പ്രോജക്ട് പ്രകാരം വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിൽ ഉൾപെടുത്തിയിട്ടില്ല . പ്രോജക്ട് പ്രകാരം വാങ്ങിയ ഉപകരണങ്ങൽ ഏതെന്ന് വ്യക്തമാക്കേണ്ടതാണ്.

2-ക്വട്ടേഷൻ വിളിച്ചാണ് പർച്ചേസ് നടത്തുന്നത് . ലഭ്യമായ ക്വട്ടേഷനുകൾ താരതമ്യം നടത്തി , അവരുടെ ഉൽപന്നങ്ങളുടെ ഗുണനിലവാരം വിലയിരുത്തി വ്യക്തമായ അഭിപ്രായത്തോടെ പർച്ചേസ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും , പർച്ചേസ് കമ്മിറ്റി ചർച്ച ചെയ്ത് തീരുമാനത്തിൽ എത്തുകയും ചെയ്യേണ്ടതാണ്. വാങ്ങൽ നടപടികൾ പൂർണമായും പർച്ചേസ് കമ്മിറ്റിയുടെ അറിവോടെയും നിരീക്ഷണത്തിലുമാണ് നിർവഹിക്കേണ്ടത് . എന്നാൽ മേൽ പ്രോജക്ടുകൾ പ്രകാരമുള്ള പർച്ചേസുകളിൽ ഈ നടപടിക്രമം പാലിച്ചിട്ടില്ല.

3- പഞ്ചായത്തിലെ പർച്ചേസ് കമ്മിറ്റി ഓഡിറ്റ് വർഷം അഞ്ച് തവണ യോഗം ചേർന്ന് തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. 21.06.2017, 29.11.2017, 05.12.2017, 03.01.2018, 05.03.2018 എന്നീ തിയ്യതികളിലാണ് യോഗം ചേർന്നിട്ടുള്ളത് എന്ന് മിനുട്സിൽ നിന്ന് വ്യക്തമാവുന്നു. എന്നാൽ ഈ തിയ്യതികളിലൊന്നും വെറ്റിനറി സർജൻ നിർവഹണം നടത്തുന്ന പർച്ചേസുകൾ സംബന്ധിച്ച് ചർച്ച ചെയ്യുകയോ തീരുമാനങ്ങൾ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

4- പഞ്ചായത്ത് ഭരണസമിതിയുടെ 04.12.2017 ലെ അഞ്ചാം തീരുമാന പ്രകാരം കമ്പ്യൂട്ടർ വാങ്ങുന്നതിന് നിർവഹണ ഉദ്യോഗസ്ഥന് അനുവാദം നൽകുന്നുണ്ട്. ഇത് പർച്ചേസ് കമ്മിറ്റി ശുപാർശയുടെ അടിസ്ഥാനത്തിലല്ല എന്ന് വ്യക്തമാവുന്നു.

സർക്കാർ നിർദേശങ്ങൾ പാലിക്കാതെ , നടപടി ക്രമങ്ങൾ പാലിക്കാതെ പർച്ചേസുകൾ നടത്തുന്നത് പൊതു ഫണ്ടിന്റെ ദുർവിനിയോഗമായി വിലയിരുത്തുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-19 ഡെപ്പോസിറ്റ് പ്രവൃത്തി- പൂർത്തികരിച്ചില്ല

പറയമ്മാട് കോളനിയിൽ കുഴൽ കിണർ കുഴിക്കുന്നതിനുള്ളതാണ് 134/18 പ്രോജക്ട്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ ഈ പ്രോജക്ടിന് 187000 രൂപയാണ് ട്രൈബൽ സബ് പ്ലാൻ ഫണ്ട് വകയിരുത്തിയത്. പ്രോജക്ടിൽ തൽവർഷം 37730 രൂപയുടെ ചെലവുണ്ട്. 75/19.02.2018 പ്രകാരം ട്രഷറിയിൽ നിന്ന് പിൻവലിച്ച ഈ തുക ഗ്രൌണ്ട് വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാക്കി അഡ്വാൻസ് തുക ക്രമീകരിച്ചിട്ടില്ല എന്ന് വ്യക്തമാവുന്നു. ഫീസിബിലിറ്റി റിപ്പോർട്ട് , യീൽഡ് റിപ്പോർട്ട് എന്നിവയും മുൻകൂർ ക്രമീകരണ വിവരവും ലഭ്യമാക്കേണ്ടതാണ്.

തൽവർഷം ടി.എസ്.പി ഫണ്ട് ഉപയോഗിച്ചുള്ള മൂന്ന് പ്രവൃത്തികളാണ് അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർവഹണം നടത്താനുള്ളത്. ഇതിൽ പെയ്മെന്റ് നടന്ന ഏക പ്രോജക്ട് ഈ ഡേപ്പോസിറ്റ് പ്രവൃത്തിയാണ്. ട്രൈബൽ

മേഖലയിലെ പ്രോജക്ടുകൾ നിർവഹിക്കാതിരുന്നത് ഗുരുതര വീഴ്ചയായി വിലയിരുത്തുന്നു.

## 3-20 ചെയ്യാത്ത പ്രവൃത്തിക്ക് തുക അനുവദിച്ചു- നഷ്ടം 38201 രൂപ

നി. ഉദ്യോഗസ്ഥൻ : അസി. എഞ്ചിനീയർ.

പ്രവൃത്തി : GUPS പഴയകടക്കൽ മതിൽ റിപ്പയർ(184/17, 29/18)

അടങ്കൽ : 200000രൂപ.

കൺവീനർ : കെ കെ ജെയിംസ്.

അളവ് പുസ്തകം : 20/17-18

ചെലവ് : 196309 രൂപ

ട്രഷറി ബിൽ നംപർ : 2/17-18/ 20-07-2017: 155350 രൂപ

തനത് ഫണ്ട് : 40959 രൂപ ചെക്ക് നം.18326/18-07-2017

മൂല്യനിർണ്ണയം :196309

(-) നികുതി : 17704

കൺവീനർക്ക് : 178605

21.5 m നീളത്തിൽ കരിങ്കല്ല് ഉപയോഗിച്ച് മതിൽ നിർമ്മിക്കുന്നതാണ് മേൽ പ്രവൃത്തി. പ്രവൃത്തി സ്ഥലം 30.07.18 -ന് ഓവർസിയറുടെ സാന്നിധ്യത്തിൽ സ്ഥല പരിശോധന നടത്തി. ആയതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ പ്രകാരമുള്ള പ്രവൃത്തി ചെയ്തിട്ടില്ല.

   11.00മീറ്റർ, 5.00മീറ്റർ, 5.50മീറ്റർ എന്നീ 3 റീച്ചുകളിലാണ് പ്രവൃത്തി നടത്തിയതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 5.00മീറ്ററിൽ ചെയ്ത പ്രവൃത്തി സ്ഥല പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

2. 11.00മീറ്റർ റീച്ചിലുള്ള കരിങ്കൽ പടവ് ബെൽറ്റ് ഉൾപ്പടെ 4.7മീറ്റർ ഉയരത്തിൽ ചെയ്തതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്ഥല പരിശോധനയിൽ ഏറ്റവും കൂടിയ ഭാഗം 3.9 മീറ്റർ ഉയരം മാത്രമാണെന്ന് കണ്ടത്തി. ഫൗണ്ടേഷൻ മുതൽ ഒന്നാം ബെൽറ്റ് വരെ 2 മീറ്റർ വേണ്ട സ്ഥാനത്ത് പരമാവധി 1.3 മീറ്റർ ഉയരം ആണ് ഉള്ളത്.

ചെയ്യാത്ത പ്രവൃത്തി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി കൺവീനർക്ക് തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 17/31-7-2018 നംപർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ചെയ്യാത്ത പ്രവൃത്തിക്ക് തുക അനുവദിച്ചതിനാൽ താഴെ പറയും പ്രകാരം 38201/- രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

കരിങ്കൽപടവ് ചെയ്തത്(അളവ്പുസ്തകപ്രകാരം)

| | | |
|---|---|---|
| 1st ബെൽറ്റ് വരെ | 11.00*(1.40+1.20)/2*2.00 | അളവ്പുസ്തകം പേജ് 3 |
| 1st ബെൽറ്റ് മുതൽ 11nd ബെൽറ്റ് വരെ | 11.00*(1.20+0.80)/2*1.30 | അളവ്പുസ്തകം പേജ് 7 |
| 11nd ബെൽറ്റ് മുതൽ ടോപ്പ് ബെൽറ്റ് വരെ | 11.00*(0.80+0.50)/2*1.00 | അളവ്പുസ്തകം പേജ് 10 |
| | ആകെ ഉയരം 4.30 മീറ്റർ | |

ബെൽറ്റ് ചെയ്തത് (അളവ്പുസ്തകപ്രകാരം)

| | | |
|---|---|---|
| 1St | 11.00*1.20*0.15 | അളവ്പുസ്തകം പേജ് 6 |
| 11Nd | 11.00*0.80*0.15 | അളവ്പുസ്തകം പേജ് 9 |
| Top | 11.00*0.80 *0.10 | അളവ്പുസ്തകം പേജ് 11 |
| | ആകെ ഉയരം 0.40 മീറ്റർ | |
| | മതിലിന്റെ ആകെ ഉയരം 4.70 മീറ്റർ | |

മേൽപ്രകാരം മതിലിന്റെ ഉയരം 4.70 മീറ്റർ ആണ് വേണ്ടതെങ്കിലും സ്ഥലപരിശോധനാ റിപ്പോർട്ട് പ്രകാരം ആകെ 3.90 മീറ്ററും അതിൽ ഫൗണ്ടേഷൻ മുതൽ ഒന്നാം ബെൽറ്റ് വരെ 2 മീറ്റർ വേണ്ട സ്ഥാനത്ത് പരമാവധി 1.3 മീറ്റർ ഉയരം ആണ് ഉള്ളത്. അതേ പോലെ മിഡിൽ ബെൽറ്റിനും ടോപ്പ് ബെൽറ്റിനും ഇടയിൽ 0.10 മീറ്റർ വ്യത്യാസവുമുണ്ട്.ആയത് പ്രകാരമുള്ള അധികച്ചെലവ് താഴെ കൊടുക്കുന്നു

| ചെയ്യേണ്ട അളവ് | ചെയ്ത അളവ് | അധികം അളവ് | അധികത്തുക |
|---|---|---|---|
| 11.00*1.40+1.20/2*2.00= 28.60m3 | 11.00*(1.40+1.20)/2*1.30= 18.59 m3 | 10.01 m3 | |
| 11.00*0.80+0.50/2*1.00=7.15 m3 | 11.00*(0.80+0.50)/2*0.90=6.43 m3 | 0.72 m3 | |
| | ആകെ | 10.73 m3 | 25799.21 രൂപ(@ 2404.40/m3) |

ചെയ്യാത്ത പ്രവൃത്തിക്ക് നൽകിയത് (5മീറ്റർ നീളത്തിലുള്ള പ്രവൃത്തി )

| ഇനം | അളവ് | നിരക്ക് | തുക |
|---|---|---|---|
| മൺപണി | 5.00*0.60*0.30=0.90m3 | 198.00/m3 | 178.20 |
| ഫൗണ്ടേഷൻ | 5.00*0.60*0.30=0.90m3 | 2404.40/m3 | 2163.96 |
| സൂപ്പർ സ്ട്രക്ചർ | 5.00*0.80+0.50/2*1.00=3.25 | 2404.40/m3 | 7814.30 |
| ടോപ്പ് ബെൽറ്റ് സെന്ററിംഗ്& ഷട്ടറിംഗ് | 2*5.00*0.10=1.00m3 | 422.85/m3 | 422.85 |
| ടോപ്പ് ബെൽറ്റ് കോൺക്രീറ്റ് | 5.00*0.50*0.10= 0.25 m3 | 7289.53/m3 | 1822.38 |
| | | ആകെ | 12401.69 |

ആകെ നഷ്ടം: 38200.90 രൂപ(25799.21+12401.69)=38201/-

ടി തുക ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത അസി.എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-21 സബ്സിഡി നിരക്ക് പാലിക്കാതെ ധനസഹായം നൽകി

നെൽകൃഷിക്ക് വിത്തും ജൈവവളവും നൽകുന്നതിനാണ് 103/2018 നം. പ്രോജക്ട്.പദ്ധതി വിഹിതം അറുപതിനായിരം രൂപയാണ് പ്രോജക്ടിനായി വകയിരുത്തിയത്.പ്രോജക്ടിന്റെ നിർവഹണത്തിനായി ബിൽ നം.01/29.11.2017 പ്രകാരം 40550 രൂപയും , ബിൽ നം.02/29.01.2018 പ്രകാരം 19450 രൂപയും പിൻവലിച്ച് അഞ്ച് കർഷകർക്ക് പ്രോജക്ടിന്റെ ആനുകൂല്യം ബാങ്ക് അക്കൗണ്ട് വഴി നൽകുകയും ചെയ്തിട്ടുണ്ട്.

GO(MS)80/2017/Lsgd/03.04.2017 ഉത്തരവിൽ 2017-18 വർഷത്തിലേക്ക് ബാധകമായ സബ്സിഡി നിരക്കുകളും മാനദണ്ഡങ്ങളും വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ 8.1 ഉപ ഖണ്ഡികയിൽ കാർഷിക മേഖലയിലേക്ക് ബാധകമായ നിരക്കുകൾ വിശദമാക്കിയിട്ടുണ്ട്.പ്രസ്തുത ഉത്തരവിലെ മാനദണ്ഡങ്ങൾ പൂർണമായും പാലിക്കാതെ സബ്സിഡി അനുവദിച്ചതായി കാണുന്നു. പ്രോജക്ടിന്റെ ഭാഗമായി കർഷകർക്ക് നെൽവിത്ത്, ജൈവ വളം എന്നിവ വാങ്ങുന്നതിനുള്ള ധനസഹായമാണ് നൽകിയിട്ടുള്ളത്.

ഗ്രാമ പഞ്ചായത്തിന്റെ 2(20)/17.08.2017 തീരുമാന പ്രകാരം ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപെട്ട ശ്രീമതി. ബിന സിബി എന്ന ഗുണഭോക്താവ് നൽകിയ അപേക്ഷയിൽ അവർക്ക് അഞ്ച് ഹെക്ടർ ഭൂമിയുള്ളതായി വ്യക്തമാക്കിയിട്ടുണ്ട്. 104/2 സർവെ നമ്പറിൽ കേരള എസ്റ്റേറ്റ് വില്ലേജിൽ അഞ്ച് ഹെക്ടർ ഭൂമിക്ക് നികുതി അടവാക്കിയ രേഖയും അപേക്ഷയിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്.പരാമർശിത ഗുണഭോക്താവ് മേൽ സർക്കാർ ഉത്തരവ് പ്രകാരം ചെറുകിട കർഷകൻ, നാമമാത്ര കർഷകൻ എന്നീ ഗണത്തിൽ ഉൾപെടാൻ അർഹയല്ല എന്ന് വ്യക്തമാവുന്നു. നിലവിലെ സർക്കാർ മാനദണ്ഡപ്രകാരം അവർക്ക് സബസിഡി നൽകാൻ വ്യവസ്ഥയില്ല എന്ന് വ്യക്തമാവുന്നു. ഈ ഗുണഭോക്താവിന് 40 കിലോ നെൽ വിത്ത് വാങ്ങിയ ചെലവിനത്തിൽ 6440 രൂപയുടെ ബിൽ ഹാജരാക്കുകയും സബ്സിഡി ഇനത്തിൽ 3200 രൂപ കർഷകന് അനുവദിക്കുന്നതായും , 4461കിലോ ജൈവ വളം വാങ്ങുന്നതിന് 35688 രൂപ E.J George Fact dealer എന്ന സ്ഥാപനത്തിന് നൽകിയതായും 26764 രൂപ സബ്സിഡി ഇനത്തിൽ കർഷകന് അനുവദിക്കുന്നതായും കൃഷി ഓഫീസർ ഫയലിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.ആകെ 29964 രൂപ ഇപ്രകാരം സബ്സിഡിയായി ഈ ഗുണഭോക്താവിന് അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാവുന്നു.

സർക്കാർ നിർദേശങ്ങൾ പാലിക്കാതെയാണ് ഈ ഗുണഭോക്തവിന് ധനസഹായം നൽകിയത് എന്ന വസ്തുത ശ്രദ്ധയിൽ പെടുത്തുന്നു.സബ്സിഡി നിരക്കുകൾക്ക് ബാധകമായ ഉത്തരവ് പരിഗണിക്കാതെ ധനസഹായം നൽകിയ സാഹചര്യം വ്യക്തമാക്കേണ്ടതാണ് എന്ന് നിർദേശിച്ച് നൽകിയ മറുപടി ഇപ്രകാരമാണ്. പഞ്ചായത്തിൽ നെൽകൃഷിയിലേക്ക് മടങ്ങി വരുന്നതിനുള്ള പ്രോൽസാഹനമായും , മാതൃകാ തോട്ടം എന്ന നിലക്കുമാണ് ധനസഹായം നൽകിയത് എന്നും , 1.78 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തതിനാണ് ആനുകൂല്യം നൽകിയത് എന്നും പരാമർശിത ഭൂമി ബിനു സിബി, മകൻ അബ്രഹാം മാത്യു എന്നീ രണ്ട് പേരുടെ ഉടമസ്ഥതയിലാണ് എന്നുമാണ്.

എക്സിറ്റ് മീറ്റിങ്ങിൽ ഈ വിഷയം ഉന്നയിക്കുകയുണ്ടായി. എന്നാൽ ചില മെമ്പർമാർ ധനസഹായം നൽകിയതിനോട് വിയോജിപ്പ് രേഖപ്പെടുത്തുന്ന അഭിപ്രായമാണ് പ്രകടിപ്പിച്ചത്. അർഹതയില്ലാത്ത ഗണഭോക്താവിന് സഹായധനം നൽകിയത് ഭരണസമിതിയുടെയും വികസന സ്ഥിരം സമിതിയുടെയും ശ്രദ്ധയിൽ പെടുത്തുന്നു. ഈ വിഷയത്തിൽ ഭരണസമിതിയുടെയും വികസന സ്ഥിരം സമിതിയുടെയും നിലപാട് വ്യക്തമാക്കേണ്ടതാണ്. സർക്കാർ നിശ്ചയിച്ച വ്യവസ്ഥകൾ പാലിക്കാതെ നൽകിയ തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിശ്ചയിക്കുന്നു. ഇപ്രകാരം നൽകിയ 29964/-രൂപ തിരിച്ചടവാക്കുകയോ സർക്കാറിൽ നിന്ന് സാധൂകരണം ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.

## 3-22 ഭവന സുരക്ഷ പ്രോജക്ടുകൾ ഏറ്റെടുക്കുന്നത്.

എസ്.സി ഭവന സുരക്ഷ എന്ന പേരിൽ തൽവർഷം അഞ്ച് പ്രോജക്ടുകൾ നിർവഹിക്കുന്നുണ്ട് . അവയുടെ വിവരം താഴെ കൊടുക്കുന്നു.

| പ്രോജക്ട് | ചെലവ് തുക |
|---|---|
| 190/18 നന്നങ്ങാടികുന്ന് കോളനി നവീകരണം | 138011 |
| 140/18 ചുള്ളിയോട് കോളനി നവീകരണം | 150000 |
| 138/18 പന്നികുന്ന് കോളനി നവീകരണം | 137954 |
| 137/18 ചെമ്പൻകുന്ന് കോളനി നവീകരണം | 122733 |
| 033/18 നാഗത്താൻകുന്ന് കോളനി നവീകരണം | 163984 |
| ആകെ | 712682 |

പ്രവൃത്തികളുടെ ഫയൽ പരിശോധിച്ച് താഴെ കൊടുത്ത വസ്തുതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1-മുൻ വർഷങ്ങളിൽ വ്യാപകമായ തോതിൽ ഈ പ്രവൃത്തികൾ ബ്ലോക്ക് , ജില്ലാ, ഗ്രാമ പഞ്ചായത്തുകൾ നിർവഹിക്കുന്നുണ്ട്. എന്നാൽ ആയത് സംബന്ധിച്ച വിവരങ്ങൾ ഒന്നും പഞ്ചായത്ത് സൂക്ഷിക്കുന്നില്ല.

2-വികസന സ്ഥിരം സമിതിയുടെ 01/06.06.2017 തീരുമാന പ്രകാരമാണ് ഭരണസമിതിക്ക് ശുപാർശ നൽകുന്നത്. എന്നാൽ പ്രവൃത്തികളുടെ മോണിറ്ററിങ്ങ് നിർവഹിച്ച വിവരം ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

3-സൈഡ് കെട്ടി നൽകുന്ന പ്രവൃത്തി മാത്രമാണ് നിർവഹിക്കുന്നത്. പ്രോജക്ട് പ്രകാരം ചെയ്യുന്ന പ്രവൃത്തികളുടെ ഫലമായി ഉയർന്ന മതിലും , താഴ്ന്ന തറയും രൂപപ്പെടുന്നതായി ഫയലിൽ നിന്ന് വ്യക്തമാവുന്നു. എന്നാൽ കെട്ടി ഉയർത്തിയ തോതിൽ തറ നിരപ്പാക്കിയതായ വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ഇത് അപകടങ്ങൾക്കും കെട്ടിയ മതിൽ തകരുന്നതിനും ഇടയാക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

4- ഇപ്രകാരം പ്രവൃത്തി ചെയ്യുന്നത് കേരള പഞ്ചായത്ത് രാജ് ആക്ട് 166 വകുപ്പ് (1) , മൂന്നാം പട്ടിക പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയോ, പൊതുവായ ചുമതലകളിലോ , മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിലോ പെടുന്നതല്ല.

## 3-23 പൂന്നക്കാട് സാംസ്കാരിക നിലയം. പ്രോജക്ട് ലക്ഷ്യം കൈവരിക്കേണ്ടതാണ്.

പുന്നക്കാട് സാംസ്കാരിക നിലയം നിർമാണം എന്ന പേരിൽ പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സിന്റെ മുകളിൽ ലൈബ്രറി കെട്ടിടം നിർമിക്കുന്നതിനാണ് 120/18 പ്രോജക്ട്.വികസന സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ 01/06.06.2017 ശുപാർശ പ്രകാരമാണ് പ്രോജക്ടിന് ഭരണ സാങ്കേതികാനുമതി ലഭിക്കുന്നത്. ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് പത്ത് ലക്ഷം രൂപയാണ് പ്രോജക്ടിനായി വകയിരുത്തിയത്. മുഹമ്മദ് .കെ എന്ന കരാറുകരനാണ് പ്രവൃത്തി നിർവഹിക്കുന്നത്. ബിൽ 100/14.03.2018 പ്രകാരം 996993 രൂപ പിൻവലിച്ച് കരാറുകരന് തുക നൽകുകയും ചെയ്യുന്നുണ്ട്.

അളവ് പുസ്തകം 112/17-18 ൽ ചെയ്ത പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. മേൽക്കൂര ഷീറ്റ് ഉപയോഗിച്ച്, പ്ലാസ്റ്ററിങ്ങ് , പെയിന്റിങ്ങ്, വിട്രീഫൈഡ് ടൈൽ ഉപയോഗിച്ച് ഫ്ളോറിങ്ങ് എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്. കെട്ടിട നിർമാണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട് എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു.

പൂർത്തീയാക്കിയ കെട്ടിടം ഫലപ്രദമായി വിനിയോഗിക്കാൻ ആവശ്യമായ ആസൂത്രണം നടത്തേണ്ടതും കെട്ടിടം നിർമിക്കാനായി ചെലവഴിച്ച തുക പാഴ്ചെലവാകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 3-24 മൃഗസംരക്ഷണ മേഖലയിലെ പ്രോജക്ടുകൾ- അപാകതകൾ

വെറ്റിനറി സർജൻ നിർവഹണം നടത്തിയ 194/18 പ്രോജക്ട് പോത്ത് കുട്ടികളെ വാങ്ങുന്നതിന് ധനസഹായം നൽകുന്നതിനാണ്. പ്ലാൻ വിഹിതം നാല് ലക്ഷം രൂപ വകയിരുത്തിയ പ്രോജക്ടിൽ എട്ട് ബില്ലുകളിലായി 2.8 ലക്ഷം രൂപ ചെലവ് ചെയ്തിട്ടുണ്ട്. പ്രോജക്ടിന്റെ ഭാഗമായി മുപ്പത്തിയഞ്ച് ഗുണഭോക്താക്കൾക്ക് എണ്ണായിരം രൂപ വീതം സബ്സിഡി നൽകുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ച് താഴെ കൊടുത്ത അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1-GO (MS) 80/2017 Lsgd. 03.04.2017 സബ്സിഡി മാർഗരേഖയിൽ വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഒരു അപേക്ഷകനും വരുമാനം വ്യക്തമാക്കുന്ന രേഖ ഹാജരാക്കിയിട്ടില്ല.

2-അപേക്ഷകളിൽ യാതൊരു വിധ പരിശോധനയും നിർവഹണ ഉദ്യോഗസ്ഥൻ നടത്തിയിട്ടില്ല. ഗുണഭോക്താക്കൾക്ക് കാലി വളർത്തൽ സാധ്യമാവുന്ന വിധത്തിൽ നിലവിൽ തൊഴുത്ത് തുടങ്ങിയ ഘടങ്ങൾ ഉണ്ട് എന്ന് പരിശോധിക്കാതെയാണ് പ്രോജക്ട് നിർവഹണം നടത്തിയിട്ടുള്ളത്.

3-മുപ്പത്തിയഞ്ച് ഗുണഭോക്താക്കൾക്കാണ് ധനസഹായം നൽകുന്നത്. ഇവർ സമർപ്പിച്ച അപേക്ഷകളിൽ പതിനേഴ് ഗുണഭോക്താക്കൾ നിലവിൽ കാലി വളർത്തൽ മേഖലയിൽ ഉള്ളവരല്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. നാല്

ഗുണഭോക്താക്കൾ ബന്ധപ്പെട്ട കോളം പൂരിപ്പിക്കുക പോലും ചെയ്തിട്ടില്ല. പതിനാല് ഗുണഭോക്താക്കൾ നിലവിൽ കാലി വളർത്തൽ നടത്തുന്നവരാണ് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഭരണസമിതി കണ്ടെത്തിയ ഗുണഭോക്താക്കളുടെ അർഹത ബോധ്യപ്പെടുന്ന വിധത്തിലുള്ള പരിശോധന നടത്താതെ യാണ് പ്രോജക്റ്റ് നിർവഹണം നടത്തിയത് എന്ന് വ്യക്തമാവുന്നു.

4- നിർവഹണ ഉദ്യോഗസ്ഥൻ , ജനപ്രതിനിധി, ഗുണഭോക്താക്കളിൽ നിന്ന് അഞ്ച് പേർ എന്നിവർ ഉൾപ്പെടുന്ന ഒരു സമിതിയാണ് ഉരുക്കളെ വാങ്ങേണ്ടത് . എന്നാൽ ഇപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാതെയാണ് പ്രോജക്റ്റ് നിർവഹണം നടത്തിയിട്ടുള്ളത്.

5- പ്രോജക്ടുകളുടെ നിർവഹണം പോലെ പ്രധാന്യമുള്ളതാണ് പ്രോജക്റ്റ് വിലയിരുത്തൽ. പ്രോജക്റ്റ് ലക്ഷ്യം കൈവരിച്ചോ എന്ന് വിലയിരുത്തുന്നതിന് വ്യവസ്ഥാപിതമായ മോണിറ്ററിങ്ങ് സംവിധാനം സർക്കാർ നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രോജക്റ്റ് മോണിറ്ററിങ്ങിന് വിധേയമായിട്ടില്ല എന്ന് പ്രോജക്റ്റ് ഫയൽ വ്യക്തമാക്കുന്നു.

6- ദാരിദ്ര്യ ലഘൂകരണം, സ്വയം തൊഴിൽ എന്നീ മേഖലകളിലെ പ്രോജക്ടുകളുടെ നിർവഹണത്തിൽ വികസന സ്ഥിരം സമിതിയുടെ നിരന്തര ഇടപെടലുകൾ ഉണ്ടാവുന്നില്ല എന്നും ഇത്തരം പ്രോജക്ടുകൾ നിർവഹണ ഘട്ടത്തിലോ നിർവഹണ ശേഷമോ ഒരു തരത്തിലുള്ള മോണിറ്ററിങ്ങിനും വിധേയമാവുന്നമില്ല എന്ന വസ്തുതയും ശ്രദ്ധയിൽ പെടുത്തുന്നു.

പ്രോജക്റ്റ് നിർവഹണത്തിലെ അപാകതകൾ ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 3-25 പൂറമ്പോക്ക് അളക്കൽ അനുബന്ധപ്രവൃത്തികൾ- അപാകതകൾ

പുറമ്പോക്ക് അളക്കൽ അനുബന്ധ പ്രവൃത്തികൾ എന്നതാണ് 232/18നം. പ്രോജക്റ്റ്.ഇതിനായി തനത് ഫണ്ട് 4.9 ലക്ഷം വകയിരുത്തുകയും അംഗീകാരം വാങ്ങുകയും ചെയ്തിട്ടുണ്ട്. വികസനകാര്യ സ്ഥിരം സമിതിയുടെ 1(2)/18.12.2017 ശുപാർശയുടെ അടിസ്ഥാനത്തിലാണ് പ്രോജക്റ്റ് രൂപീകൃതമാവുന്നത്. എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി ചെയ്യുന്നത് വർഗീസ് .എൻ.ജെ എന്ന കരാറുകാരനാണ്. ചെക്ക് നമ്പർ 2057135/28.03.2018 പ്രകാരം പ്രവൃത്തിക്കായി പഞ്ചായത്തിൽ നിന്ന് തനത് ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 488472 രൂപയുടെ പ്രവൃത്തിമൂല്യം കണക്കാക്കി 9770 രൂപ നികുതി ഇനത്തിൽ കുറവ് ചെയ്ത് 478702 രൂപ കരാറുകാരന് നൽകുന്നുണ്ട്.

അളവ് പുസ്തകം 166/17-18 പ്രകാരം 49545.56 m2 വരുന്ന പുറമ്പോക്ക് പ്രദേശം കാട് വെട്ടി വൃത്തിയാക്കുന്നതിന് 9.88/1m2 നിരക്കിൽ തുക കരാറുകാരന് നൽകുന്നുണ്ട്.

പ്രവൃത്തിയുടെ ഫയൽ പരിശോധിച്ച് താഴെ കൊടുത്ത വസ്തുതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1.പുറമ്പോക്ക് അളക്കുന്ന ആവശ്യത്തിലേക്കാണ് കാട് വെട്ടി സ്ഥലം വൃത്തിയാക്കുന്നത്.എന്നാൽ പുറമ്പോക്ക് അളക്കൽ പ്രവൃത്തി നാളിത് വരെ പൂർത്തിയായിട്ടില്ല.

2.ഇത്രയും സ്ഥലത്ത് നിന്ന് വെട്ടിമാറ്റിയത് ഏത്ര അളവിൽ എന്ന് രേഖപ്പെടുത്തിയിട്ടില്ല. വെട്ടിമാറ്റിയ പാഴ് ചെടികൾ വിൽപന നടത്തുകയോ ചെയ്തിട്ടില്ല എന്ന് വ്യക്തമാവുന്നു.

3.പുറമ്പോക്ക് അളക്കുന്നതിന് ഘട്ടംഘട്ടമായി നിർവഹിക്കേണ്ട പ്രവൃത്തിയാണ് സ്ഥലം പാകപ്പെടുത്തൽ എന്നത്. പുറംമ്പോക്ക് അളക്കൽ പ്രവൃത്തി ആരംഭിക്കുന്നതിന് വളരെ മുമ്പ് തന്നെ സ്ഥലം പാകപ്പെടുത്തിയത് പ്രയോജനകരമല്ല.

4.ഈ പ്രവൃത്തിക്കായി തൊഴിലുറപ്പ് പ്രവൃത്തിയുടെ സാധ്യത ഉപയോഗപ്പെടുത്തിയിട്ടില്ല.

5.പഞ്ചായത്തിന്റെ പുറമ്പോക്ക് പ്രദേശങ്ങൾ കാട് വെട്ടിതെളിച്ച് , ലഭ്യമാവുന്ന തോൽ വിൽപന നടത്തുകയോ ഉപയോഗിക്കുകയോ ചെയ്യാവുന്ന വിധത്തിൽ ലേലം ചെയ്യാവുന്നതായിരുന്നു. എന്നാൽ ഇത്തരമൊരു സാധ്യതയും ഭരണസമിതി, വികസന സ്ഥിരം സമിതി ചർച്ച ചെയ്തിട്ടില്ല എന്ന് മിനുട്സ് പരിശോധനയിൽ വ്യക്തമാവുന്നു.

വികസന പ്രവവർത്തനങ്ങളിലെ ആസൂത്രണത്തിലും നിർവഹണത്തിലും നിർവഹണ രീതിയിലും ദീർഘവിക്ഷണമോ, പ്രായോഗിക സമീപനമോ സ്വീകരിക്കാതിരിക്കുന്നത് സർക്കാർ ഫണ്ട് , പഞ്ചായത്ത് ഫണ്ട് പാഴ്ചെലവാകുന്നതിന് ഇടയാക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

## 3-26 ബസ് സ്റ്റാന്റ് നിർമാണം- അപാകതകൾ

പുതിയ ബസ് സ്റ്റാന്റ് നിർമാണം പൂർത്തികരിക്കുന്നതിനുള്ളതാണ് അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തുന്ന 161/18 പ്രോജക്ട്. ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് 996319 രൂപയാണ് പ്രോജക്ടിനായി വകയിരുത്തിയത്. ബിൽ 108/20.03.2018 പ്രകാരം ഇത്രയും തുക പ്രവൃത്തിക്കായി പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. ബസ് സ്റ്റാന്റ് യാർഡ് കോൺക്രീറ്റ് ചെയ്യുന്നതിനുള്ളതാണ് പ്രോജക്ട്. പ്രോജക്ട് ഫയൽ, മുൻവർഷ പ്രോജക്ട് എന്നിവ പരിശോധിച്ച് താഴെ കൊടുത്ത വസ്തുതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1-2016-17 വാർഷിക പദ്ധതിയിൽ ബസ് സ്റ്റന്റ് നിർമാണത്തിനായി രണ്ട് പ്രോജക്ടുകൾ ഉണ്ട്. രണ്ട് പ്രോജക്ടുകൾക്കായി 16.58 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. എല്ലാം പരസ്പര ബന്ധമുള്ള പ്രോജക്ടുകളാണ് എങ്കിലും രണ്ട് പ്രോജക്ടുകളായിട്ടാണ് നിർവഹണം നടത്തിയത്.

2-തൻ വർഷവും രണ്ട് പ്രോജക്ടുകൾ നടപ്പിലാക്കുകയും 1392138 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

3- മുൻ വർഷം ചെയ്ത പ്രവൃത്തികൾ സംബന്ധിച്ച് വ്യക്തമായ ധാരണയില്ലാതെയാണ് പ്രവൃത്തികൾ ശുപാർശ ചെയ്യുന്നത് എന്നും എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് എന്നും ഫയലിൽ നിന്ന് വ്യക്തമാവുന്നു. മുൻ വർഷങ്ങളിൽ ചെയ്ത പ്രവൃത്തി സംബന്ധിച്ച് യാതൊരു പരാമർശവും നടത്താതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും.

4-ബസ് സ്റ്റാന്റ് നിർമാണത്തിനായി നാളിത് വരെ പഞ്ചായത്ത് ഫണ്ടിൽ നിന്ന് എത്ര രൂപ ചെലവ് ചെയ്തു എന്ന് വ്യക്തമല്ല. വ്യക്തമായ രേഖകൾ ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുമില്ല.

5-161/18 പ്രോജക്ടിൽ മുൻവർഷം ചെയ്ത വർക്കുകൾ കൂടി ഉൾപ്പെടുന്നുണ്ട്. ബസ് സ്റ്റാന്റ് യാർഡിൽ ക്വാറി മക്ക് ഫിൽ ചെയ്യുന്ന പ്രവൃത്തി മുൻവർഷം നിർവഹിച്ചതാണ്. എന്നാൽ ഇതേ ഇനം വർക്ക് തൽവർഷവും ഉൾപ്പെടുത്തിയത് ആകസ്മികമാണ് എന്ന് വിലയിരുത്താനാവില്ല. പ്രോജക്ട് ആശയങ്ങൾ രൂപപ്പെടുന്നത് മുതൽ വികസന സ്ഥിരം സമിതി. പഞ്ചായത്ത് ബോർഡ് , എഞ്ചിനീയറിങ്ങ് വിങ്ങ് എന്നിവയുടെ ഇടപെടലുകൾ ഫലപ്രദമല്ല എന്ന് ഇത് വ്യക്തമാക്കുന്നു.

6-ഭരണസമിതിയുടെ 1(1)/12.02.2018 തീരുമാന പ്രകാരമാണ് പ്രോജക്ട് റിവൈസ് ചെയ്യുന്നത്. പ്രോജക്ട് റിവൈസ് ചെയ്യാനിടയായ സാഹചര്യം ഫയലിൽ വ്യക്തമാക്കിയിട്ടില്ല. സബ് ബേസ് പ്രബലപ്പെടുത്തുന്നതിനായി വകയിരുത്തിയ ക്വാറി മക്ക് ഫില്ലിങ്ങ് ഒഴിവാക്കി കോൺക്രീറ്റ് ചെയ്യുന്ന ഏരിയ കൂട്ടുകയും എസ്റ്റിമേറ്റ് തുകയിലേക്ക് എത്തിക്കുകയും ചെയ്യുന്ന വിധത്തിലാണ് എസ്റ്റിമേറ്റ് പുതുക്കിയിട്ടുള്ളത് എന്ന് വ്യക്തമാവുന്നു. ഇപ്രകാരം അധികമായി കോൺക്രീറ്റ് ചെയ്ത പ്രതലത്തിലെ സബ് ബേസ് എപ്രകാരമുള്ളതാണ് എന്ന് വ്യക്തമല്ല.

7-ബസ് സ്റ്റാന്റ് യാർഡ് എന്നത് തുടർച്ചയായി ഭാരമുള്ള ബസ്സുകൾ കയറി ഇറങ്ങുന്നതാണ്. അതിനാൽ തന്നെ എളുപ്പം തകരുന്നതുമാണ്. ഇത് പോലുള്ള സ്ഥലങ്ങൾ കമ്പി ഉപയോഗിച്ച് പ്രബലിത കോൺക്രീറ്റ് സ്ലാബുകളായിട്ടാണ് രൂപ കൽപന നടത്തേണ്ടതും നിർമിക്കേണ്ടതും. എന്നാൽ അത്തരം സാധ്യതകൾ പരിശോധിക്കാതെയാണ് പ്രോജക്ട് നിർവഹണം നടത്തിയത് എന്ന് വ്യക്തമാവുന്നു. ആസൂത്രണത്തിലെ ഗുരുതര പാളിച്ചകൾ ഇത് വ്യക്തമാക്കുന്നു.

8-ഇത്രയധികം തുക വിനിയോഗിച്ചിട്ടും ബസ് സ്റ്റാന്റ് പ്രവർത്തന സജ്ജമല്ല . ആയത് സംബന്ധിച്ച നയപരമായ ചർച്ചകൾ ഭരണസമിതിയോ വികസന സ്ഥിരം സമിതിയോ നടത്തുകയോ പ്രായോഗിക സമീപനങ്ങൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

9-ബസ് സ്റ്റാന്റ് നിർമാണം എന്ന പ്രോജക്ട് ബഹുവർഷ പ്രോജക്ടായി ആസൂത്രണം ചെയ്യാതിരുന്നത് വീഴ്ചയാണ്.

ബസ് സ്റ്റാന്റ് നിർമാണത്തിനായി നാളിത് വരെ ചെലവഴിച്ച തുകയുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-27 വികസന കാര്യസ്ഥിരം സമിതിയുടെ പ്രവർത്തനങ്ങൾ - ഒരു വിലയിരുത്തൽ

പഞ്ചായത്തിന്റെ പൊതു മരാമത്ത് പ്രവൃത്തികളിൽ അധികവും വികസന സ്ഥിരം സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് അംഗീകാരം ലഭിക്കുന്നതും നിർവഹണ ഘട്ടങ്ങൾ പൂർത്തിയാക്കേണ്ടതും.വാർഷിക പദ്ധതി നിർദേശങ്ങൾ നൽകുക എന്നതിലുപരിയായി പ്രോജക്ടുകളുടെ ജയപരാജയങ്ങൾ വിലയിരുത്തുന്നതിൽ സ്ഥിരം സമിതികളുടെ ഇടപെടൽ പരിമിതമാണ് എന്ന് മിനട്സിൽ നിന്ന് വ്യക്തമാവുന്നു.

ഓഡിറ്റ് കായലളവിൽ വികസന കാര്യസ്ഥിരം സമിതി യോഗം ചേർന്ന് പ്രോജക്ടുകളുടെ പൊതുവായ വിലയിരുത്തൽ /പദ്ധതി അവലോകനം എന്നിവ നടത്തുന്നതായി മിനുടസിൽ രേഖപ്പെടുത്തുന്നുണ്ട്.എന്നാൽ പ്രത്യേകമായി ഒരു പ്രോജക്ടിനെ കുറിച്ചും വിലയിരുത്തൽ നടത്തി തീരുമാനം രേഖപ്പെടുത്തുന്നതിൽ സ്ഥിരം സമിതി ശ്രദ്ധചെലുത്തിയിട്ടില്ല എന്ന് കാണുന്നു. പ്രോജക്ടുകളുടെ ആവശ്യകത, സാധുത, പ്രായോഗികത, എന്നീ തലങ്ങൾ സൂക്ഷ്മ വിശകലനം നടത്തുകയും ആസൂത്രണ നിർവഹണ മോണിറ്ററിങ്ങ് തലങ്ങളിൽ ഫലപ്രദമായി ഇടപെടുകയും ചെയ്യാൻ ബാധ്യസ്ഥമാണ് വികസന സ്ഥിരം സമിതി. ഇത്തരം ബോഡികളെ കേവലം നോക്ക് കുത്തികളാക്കി മാറ്റുന്നത് ലഭ്യമായ ഫണ്ട് വിവേചന രഹിതമായി ഉപയോഗിക്കുന്നതിന് ഇടയാക്കുന്നു. സ്ഥിരം സമിതികളുടെ മീറ്റിങ്ങുകൾ ചടങ്ങ് തീർക്കൽ എന്ന ഭരണപരമായ കടമ നിർവഹിക്കുന്നതിന് മാത്രമാവുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

## 3-28 അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രോജക്ടുകൾ, ഒരു അവലോകനം

ഓഡിറ്റ് വർഷം കരുവാരകുണ്ട് ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നൂറ്റി എൺപത്തിയാറ് പ്രോജക്ടുകളാണ് ഏറ്റെടുക്കുന്നത്. ഈ പ്രോജക്ടുകളുടെ ആകെ അടങ്കൽ 51551649രൂപയാണ്. ചെലവഴിച്ചത് 31240674 രൂപയാണ്. അതായത് 60.6 ശതമാനം മാത്രം. ഏറ്റെടുത്ത പ്രോജക്ടുകളിൽ 59 എണ്ണം നിർവഹണം നടത്തിയിട്ടില്ല എന്ന് കാണുന്നു. സങ്കീർണമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയാണ് പ്രോജക്ടുകൾ രൂപം കൊള്ളുന്നതും അംഗീകാരം ലഭ്യമാവുന്നതും. അർഹമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി, ആവശ്യമായ തുക വകയിരുത്തി തയ്യാറാക്കുന്ന പ്രോജക്ടുകൾ ഉപേക്ഷിക്കുന്ന പ്രവണത കൂടിവരുന്നതായി കാണുന്നു. ഇത് ഗ്രാമ പഞ്ചായത്തിന്റ പദ്ധതി പ്രവർത്തനങ്ങളുടെ ലക്ഷ്യപ്രാപ്തി നഷ്ടപെടുത്തുന്നതാണ്. 2.03കോടി രൂപ വകയിരുത്തിയ പ്രോജക്ടുകൾ നിർവഹിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർക്കായില്ല എന്ന് കാണുന്നു. ഇപ്രകാരം ഉപേക്ഷിക്കപ്പെട്ട പ്രോജക്ടുകൾ അടുത്ത വർഷത്തേക്ക് സ്പിൽ ഓവറായി ഉൾപെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്. പ്രോജക്ടുകൾ നിർവഹിക്കാതിരുന്നത് എന്ത് കൊണ്ട് എന്ന് വിശദീകരിക്കേണ്ടതാണ്.വ്യാപകമായ തോതിൽ പ്രോജക്ടുകൾ ഒഴിവാക്കപെടുന്ന സാഹചര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

ലഭ്യമാവുന്ന ഫണ്ട് അശാസ്ത്രീയമായ രീതിയിൽ വിഭജിച്ച് വാർഡുകളിൽ വിതരണം ചെയ്യുന്നത് പ്രോജക്ടുകളുടെ എണ്ണം കൂടുന്നതിന് ഇടയാക്കുന്നതായി വ്യക്തമാവുന്നു.ഇത് പ്രോജക്ടുകളുടെ നിർവഹണം പ്രയാസകരമാക്കുന്നതായും പല പ്രോജക്ടുകളും നിർവഹിക്കാൻ തടസ്സമാവുന്നതായും വ്യക്തമാവുന്നു.യാത്രക്ക് ഉപയുക്തമല്ലാത്തവിധം കേടുപാടുകൾ സംഭവിച്ച എന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ എഴുതിയ റോഡിന്റെ കേവലം 26 മുതൽ 30 മീറ്റർ വരെയുള്ള ഭാഗം മാത്രം കോൺക്രീറ്റ് ചെയ്താൽ ആ റോഡ് യാത്രക്ക് ഉപയുക്തമാവില്ല എന്ന് ഭരണസമിതി തിരിച്ചറിയുന്നില്ല.വികസന സ്ഥിരം സമിതിയിൽ ഇപ്രകാരമുള്ള ഭാഗിക പ്രവൃത്തികളെ കുറിച്ച യാതൊരു വിശകലനവും നടക്കുന്നതായും കാണുന്നില്ല.ലഭ്യമായ ഫണ്ടിന്റെ ഫലപ്രദമായ ഉപയോഗത്തിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്. നിർവഹണം സാധ്യമായ പ്രോജക്ടുകൾ മാത്രം ഏറ്റെടുക്കുന്നതിനും, എഞ്ചിനീയറിങ്ങ് വിങ്ങിന്റെ മാനുഷിക വിഭവശേഷി പരിഗണിച്ച് കൊണ്ടും പ്രോജക്ടുകൾ രൂപീകരിക്കുന്നതിൽ സ്ഥിരം സമിതി, ഭരണസമിതി എന്നിവ ശ്രദ്ധചെലുത്തേണ്ടിയിരിക്കുന്നു. ഫലപ്രദമായ രീതിയിൽ മോണിറ്ററിങ്ങ് , സൂപ്പർവിഷൻ എന്നിവ നടത്താൻ സാധ്യമല്ലാത്ത വിധത്തിൽ പ്രോജക്ടുകളുടെ എണ്ണം കൂടുന്നത് പ്രോജക്ടുകളുടെ ഫലപ്രാപ്തിയെ പ്രതികൂലമായി ബാധിക്കുന്നതായി വ്യക്തമാവുന്നു.

## 3-29 ഫലപ്രദമല്ലാത്ത മോണിറ്ററിങ്ങ് സംവിധാനം

പതിമൂന്നാം പഞ്ചവത്സരപദ്ധതി ജി ഒ (എം എസ്)72/2017 ത സ്വ ഭ വ തി. 29-3-17 പ്രകാരം പ്രോജക്ട് മോണിറ്ററിംഗ് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്.മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥനം ഭരണസമിതിക്കും നൽകേണ്ടതാണ്. കൂടാതെ പ്രോജക്ട് നിർവ്വഹണം പൂർത്തിയായാൽ ഒരു പൂർത്തീകരണപത്രം എല്ലാ നിർവ്വഹണഉദ്യോഗസ്ഥരും തയ്യാറാക്കണം.പ്രോജക്ടിന്റെ ഭൗതിക നേട്ടങ്ങൾ, കൈവരിച്ച നേട്ടങ്ങൾ എന്നിവ പൂർത്തീകരണപത്രത്തിൽ ഉൾപ്പെടുത്തണം.

കരുവാരകുണ്ട് ഗ്രാമപഞ്ചായത്തിൽ 2017-18 വർഷത്തിൽ വിവിധ ഉദ്യോഗസ്ഥർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ മോണിറ്ററിംഗ് കാര്യക്ഷമമായി നടത്തി രേഖപ്പെടുത്തുകയും പൂർത്തീകരണ പത്രം തയ്യാറാക്കുകയും

ചെയ്തിട്ടില്ല.ഭാവിയിൽ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം പ്രോജെക്ടുകളുടെ നിർവ്വഹണം പൂർത്തിയായാൽ മോണിറ്ററിംഗ് റിപ്പോർട്ട്,പൂർത്തീകരണ പത്രം എന്നിവ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.സമയ ബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിൽ വർക്കിങ് ഗ്രൂപ്പുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതായോ നിർവ്വഹണോദ്യോഗസ്ഥർക്ക് നിർദേശങ്ങൾ നൽകുന്നതായോ ചെയ്തതായി കാണുന്നില്ല.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 600000 | ഭിന്നശേഷി സ്കോളർഷിപ്പ് (93/17) | 600000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 315000 | ഗാർഹിക ബയോഗ്യാസ് പ്ലാന്റ്(4/17) | 0 | 315000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 600000 | ഭിന്നശേഷി സ്കോളർഷിപ്പ് (93/17) | 600000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | ക്ഷീരകർഷകർക്ക് പാൽ സബ്സിഡി (155/17) | 300000 | 0 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| GWD | പറയൻമാട് ST കോളനിയിൽ | 75/17-18 /19-2-18 | 37730 | 0 | 37730 |

| | | | | | |
|---|---|---|---|---|---|
| | കുഴൽകിണർ കുഴിക്കൽ | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

നൽകിയിട്ടില്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1250.......രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 2-2(2) | 250 | യൂസഫ് | 117010102067/19-07-2017 |
| 2015-16 | 2-7 | 1000 | ആലക്കാടൻ ചെറിയ കുഞ്ഞയമു | 117010100820/11-05-2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 63 | 2003-04 | | പുന്നക്കാട് ആനവാരിക്കൽ VCB നിർമാണം, | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 1999-00 | 45,46 | 2003-04 | | ബസ് സ്റ്റാന്റ് ലേലം, പുന്നക്കാട് കളിസ്ഥലം | “ |
| 2003-04 | 3-3 | 2006-07 | | അക്ഷയ SSA പദ്ധതികൾക്ക് അധികച്ചെലവ് | “ |
| 2003-04 | 3-10 | 2006-07 | | മിനിഇന്റസ്ട്രിയൽ എസ്റ്റേറ്റ് അധികച്ചെലവ് | “ |
| 2003-04 | 3-11 | 2006-07 | റിപ്പോർട്ട് വര്ഷം | മരാമത്ത് പണി അധിക ചെലവ്-വൃദ്ധ,വികലാംഗ വിശ്രമകേന്ദ്രം | “ |

| | | | | | |
|---|---|---|---|---|---|
| 2004-05 | 3-12 | 2007-08 | | എസ്.ജി.ആർ.വൈ പ്രവൃത്തി-ഭക്ഷ്യധാന്യം അധികം അനുവദിച്ചത് | |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നംപർ | ഉത്തരവാദിയായ വ്യക്തി | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നംപർ/തീയതി | തുക | |
| 1 | 2005-06 | 3-3<br>3-17<br>3-21 | C K ബാലൻ | LF 4447/Sp.cell/sc 5/08 dt 5.9.09/22.9.09 | 11800<br>5263<br>389877 | ഉത്തരവാദിയായ വ്യക്തി മരണപ്പെട്ടതായി LF M 7/2293/13 dt 24-12-13 കത്ത് പ്രകാരം അറിയിച്ചു |
| 2 | 2000-01 | 49 എ<br>67(1)<br>58(3)<br>61(1)<br>70<br>29(a)<br>58(1)(2)(3)<br>32(1)(3)<br>35 | എ എൻ വിജയകുമാരൻ നായർ<br>“<br>“ | LF 12829/Spl cell/SC5 /05/02-03-2007 /03-04-07<br>“<br>“ | 20023<br>17022<br>6030 | DCRG യിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കുന്നുണ്ടെന്ന് റിയിച്ചു<br>“<br>“ |
| 3 | 2004-05 | 3-8<br>3-9<br>3-10<br>3-11<br>3-12 | C K ബാലൻ | LF/14544/Spl cell/sc5/08 11/09 | 326939 | ഉത്തരവാദിയായ വ്യക്തി10-09-2010 ന് മരണപ്പെട്ടതായി LF M 7/2293/13 dt 24-12-13 കത്ത് പ്രകാരം അറിയിച്ചു |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 95926372 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 116076251 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 293499 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1343630 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
|---|---|---|---|
| 3-4 | | 89735 | ശ്രീ.MG രാജൻ അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | | 30599 | ശ്രീ.MG രാജൻ അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-10 | | 64350 | ശ്രീമതി ഉമ്മുകൽസു, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-16 | | 199000 | ശ്രീ.കെ.കെ.ജയിംസ്, ഹെഡ്മാസ്റ്റർ |
| 3-20 | | 38201 | ശ്രീ.MG രാജൻ അസിസ്റ്റന്റ് എഞ്ചിനീയർ(19101) |
| | | | ശ്രീ.സി.കെ.മുരളീകൃഷ്ണൻ, അസി.എക്സി.എഞ്ചിനീയർ(19100) |
| 3-21 | | 29964 | ശ്രീമതി ഇന്ദുലേഖ, കൃഷി ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 450102 | ശ്രീ.M V മോഹനൻ സെക്രട്ടറി(78110) |
| | | ശ്രീ.അബ്ദുൾ ഹക്കീം (271992) |
| | | ശ്രീ.എസ്.നിസ്സാർ (100000) |
| 3-13 | 389435 | ഡോ.ആശകൃഷ്ണൻ, മെഡിക്കൽ ഓഫീസർ(പി.എച്ച്.സി. ) -200000/- |
| | | ഡോ.സാബിറ, മെഡിക്കൽ ഓഫീസർ(ഹോമിയോ) -189435 |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ വിവരം |
|---|---|---|
| 3-12 | 105000(GST, IT, KCWWF) | ശ്രീ. അബ്ദുന്നാസർ.കെ., വി.ഇ.ഒ. |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| MG രാജൻ അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കരുവാരകുണ്ട് ഗ്രാമപഞ്ചായത്ത് | ഉണ്ടംപള്ളി വീട്, നിയന പി ഒ ഒഴൂർ , കൊല്ലം 691510 |
| അബ്ദുൽ നാസർ കെ VEO | VEO കരുവാരകുണ്ട് | കരുവാൻതൊടിക വീട് , കല്ലാമൂല, |

| | | |
|---|---|---|
| | ഗ്രമപഞ്ചായത്ത് | മമ്പാട്ടുമൂല പി ഒ 679332 |
| മുരളീകൃഷ്ണൻ.സി.കെ.AXE, കാളികാവ് ബ്ലോക്ക് | .AXE, കാളികാവ് ബ്ലോക്ക് | അശ്വതി, ചെറുകര പി.ഒ., മലപ്പുറം ജില്ല-679340 ഫോൺ:9495056335 |
| ഉമ്മുകുത്സു, ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ, കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത് | കുണ്ടിൽ വീട്, ഇവ്വൂർ.പി.ഒ., മലപ്പുറം ജില്ല-679327 |
| കെ.കെ.ജയിംസ്, ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ, ജി.യു.പി.എസ്., പഴയകടക്കൽ | കറിയാം നടക്കൽ, കേരള എസ്റ്റേറ്റ് പി.ഒ., മലപ്പുറം ജില്ല, പിൻ-676525 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1994-95,95-96 | LF M/15/236/03/15-10-2010 | 7 | |
| 1996-97 | LF M/15/461/01/15-10-2010 | 7 | |
| 1997-98 | LF M/15/705/01/15-10-2010 | 36 | |
| 1998-99 | LF M/15258/02/15-10-2010 | 30 | |
| 1999-00 | KSAMPM/7/928/18/23-5-18 | 22 | |
| 2000-01 | KSAMPM/7/928/18(1)/23-5-18 | 13 | |
| 2001-02 | KSAMPM/7/928/18(2)/23-5-18 | 9 | |
| 2003-04 | LF M/6/974/05/15-10-2010 | 5 | |
| 2004-05 | LF M/6/2079/08/15-10-2010 | 31 | |
| 205-06 | LF M/6/251/07/15-102010 | 20 | |
| 2006-07 | LF M/6/1324/08/15-10-2010 | 13 | |
| 2007-08 | LF M/6/272/09/11-11-09 | 19 | |
| 2008-11 | LF M/7/1881/12/ | 5 | |
| 2011-12,12-13 | LF M/7/565/15/2-7-15 | 11 | |
| 2013-14,14-15 | KSAMPM/7/2016/16/30-6-17 | 6 | |
| 2015-16 | KSA MPN /7/3264/16/23-3-18 | 12 | |
| 2016-17 | KSA MPM /7/1999/17/26-1017/27-11-17 | 33 | |

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## അനുബന്ധം I

## ഓഡിറ്റ് റിപ്പോർട്ട്

കെ എസ് എ/എം പി എം7/1693/2018

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തീയതി .03-07-2018

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4- ാംവകുപ്പും,1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാംവകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കരുവാരകുണ്ട് ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കരുവാരകുണ്ട് ഗ്രാമ പഞ്ചായത്തിന്റെ 2017-18 വാർഷിക ധനകാര്യപത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും 2003 ജൂൺ 12ലെ ജി.ഒ.(പി). 319/2003/ഫിൻ നമ്പർ സർക്കാർ ഉത്തരവും അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.